കേരള സർക്കാർ

www.lfa.kerala.gov.in

പൂതാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി.4/838/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൽപ്പറ്റ,വയനാട്
ഫോൺ: 04936 203672
ഇ-മെയിൽ: dpwyd.ksad@kerala.gov.in
തീയതി: 16.12.2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

പൂതാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂതാടി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി.4/838/2016 തീയ്യതി: 16.12.2016.

<u>വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.16 മുതൽ 29.02.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ

വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ.ചക്രേശ്വര. ആർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2016 മുതൽ<br>01.12.2016 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷീന. കെ.ടി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മതി ബിന്ദു കെ.കെ. അസിഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയൻ.പി,, ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1. | ശ്രീമതി.മിനി പ്രകാശൻ | 01.04.2015-31.10.2015 |
| | 2 | ശ്രീമതി.<br>രുഗ്മണി സുബ്രമണ്യൻ | 12.11.2015-31.03.2016 |
| വൈസ് പ്രസിഡന്റ് | 1.<br>2. | ശ്രീ.വി.ആർ പുഷ്പൻ<br>ശ്രീമതി ശ്രീജ സാബു | 01.04.2015 31.10.2015<br>12.11.2015-31.03.2016 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ. | 1.<br>2. | ശ്രീമതി.അന്നക്കുട്ടിജോസ്<br>ശ്രീ ടി.ആർ രവി | 01.04.2015-31.10.2015<br>12.11.2015-31.03.2016 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 1.<br>2. | ശ്രീ.കെ.എൻ രമേശൻ<br>ശ്രീമതി ബിന്ദു ദിവാകരൻ | 01.04.2015-31.10.2015<br>12.11.2015-31.03.2016 |
| ആരോഗ്യ/വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 1.<br>2. | ശ്രീമതി.സിന്ധുരവീന്ദ്രൻ<br>ശ്രീ.ജോർജ്ജ് പുൽപ്പാറ | 01.04.2015-31.10.2015<br>12.11.2015-31.03.2016 |
| | 1. | ശ്രീ. സ്കറിയ പൗലോസ് | 01.04.2015-21.07.2015 |
| സെക്രട്ടറി | 2. | ശ്രീ. അജയകുമാർ.പി<br>(ഇൻ ചാർജ്) | 22.07.15 -02.08.2015 |

| | | | |
|---|---|---|---|
| | 3. | ശ്രീ. സുധീരൻ എം.എസ് | 03.08.15-01.03.2016 |
| | 4 | ശ്രീ. എ.ആർ ശ്രീജിത്ത് (ഇൻ ചാർജ്) | 02.03.216 -31.03.216 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | 1. | ശ്രീ. പ്രശാന്ത് എൻ.എസ് | 01.04.201 - 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | | ഡോ.മോഹനൻ | 01.04.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | ഡോ. ദിനീഷ്.പി | 01.04.15- 31.03.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ.സീന | 01.04.2015-24.05.2015 |
| | | | 21.06.2015–26.08.2015 |
| | | ഡോ.മുഹമ്മദ്അക്ബർ | 25.05.15 – 20.06.2015 |
| | | ഡോ.സുരേഷ് എ.റ്റി | 27.08.15 -31.03.2016 |
| വെറ്ററിനറി സർജ്ജൻ | | ഡോ.കെ.എസ് രാഘവൻ | 01.04.15- 31.03.2016 |
| ഹെഡ് മാസ്റ്റർ | | ശ്രീമതി.ആലീസ്ഷേർലി | 01.04.15 - 31.03.2016 |
| കൃഷി ഓഫീസർ | | ഡോ.അനിൽകുമാർ.വി.ആർ | 01.04.15- 31.03.2016 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി.നന്ദിനി.<br>ശ്രീമതി.ഷൈനി ഉളുപ്പ് | 01.04.15 – 04.03.2016<br>05.03.16 - 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.സിന്ധു കെ.പി. | 01.04.15- 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ.ബിനോയി അഗസ്റ്റിൻ | 01.04.15- 31.03.2016 |
| | 1. | ശ്രീ അജയകുമാർ .പി | 01.04.15-18.08.2015 |
| അസി.സെക്രട്ടറി | 2. | ശ്രീ എ.ആർ ശ്രീജിത്ത് | 19.08.15-31.03.2016 |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | അഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | ഗ്രാമസഭ | 1-11 | |
| 12 | ഗുണഭോക്തൃതിരഞ്ഞെടുപ്പ് സുതാര്യമല്ല | 1-12 | |
| 13 | വർക്കിംഗ് ഗ്രൂപ്പ് കാര്യക്ഷമല്ല | 1-13 | |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 | |
| 15 | പൊതുമരാമത്ത് പ്രവർത്തികൾ-അശാസ്ത്രീയമായും ആസൂത്രണമില്ലാതെയും നടപ്പിലാക്കി | 1-15 | |
| | ഭാഗം 2 | | |
| 1 | വാർഷിക കണക്കിലെ അപാകതകൾ | 2-1 | |
| 15 | ഡി& ഒ ലൈസൻസ് നല്കിയതിലെ അപാകങ്ങൾ | 2-2 | |
| 16 | എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 2-3 | |
| 17 | കെട്ടിട നിർമ്മാണപെർമിറ്റ് നല്കിയതിലെ അപാകങ്ങൾ | 2-4 | |
| 18 | ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയില്ല | 2-5 | |
| | ഭാഗം 3 | | |

| | | | |
|---|---|---|---|
| | അഗതി -ആശ്രയ പദ്ധതി നടത്തിപ്പ് | 3-1 | |
| 19 | തനത് ഫണ്ട് വിനിയോഗത്തിലെ അപാകതകൾ- | 3-2 | |
| 20 | മീഡിയാശ്രീ പദ്ധതിക്ക് തുക നല്കി-പദ്ധതി നടപ്പിലായില്ല | 3-3 | |
| 21 | ഹോംകോയിൽ നിന്ന് മരുന്ന് ലഭിച്ചില്ല | 3-4 | |
| 22 | സൈക്കിൾ വിതരണം-മാർഗ്ഗരേഖ നിബന്ധനകൾ പാലിച്ചില്ല. | 3-5 | |
| 23 | സ്കൂട്ടർ വിത്ത് സൈഡ് വീൽ പദ്ധതി നടപ്പിലാക്കിയില്ല | 3-6 | |
| 24 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് – പദ്ധതി നടപ്പിലായില്ല | 3-7 | |
| 25 | കുടുംബശ്രീ അംഗങ്ങൾക്ക് കോഴിവിതരണം- സർക്കാർ വിലയ്ക്ക് പുറമെ വാറ്റ് നല്കി | 3-8 | |
| 26 | പെയിൻ & പാലിയേറ്റീവ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 3-9 | |
| 27 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ-ഗുണഭോക്തൃ തിരഞ്ഞെടുപ്പിലും പണം വിതരണം ചെയ്തതിലും സുതാര്യതയില്ല. | 3-10 | |
| 28 | മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-11 | |
| 29 | ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചില്ല | 3-12 | |
| 30 | വൈദ്യുതി ചാർജ്ജ് ലഭ്യമാകേണ്ട ഇളവ് ലഭ്യമാകുന്നതിൽ കാലതാമസം | 3-13 | |
| 31 | ഗുണഭോക്തൃസമിതി പ്രവർത്തികൾ -മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-14 | |
| 32 | നെല്ലിക്കര തൊഴിൽ പരിശീലന കേന്ദ്രം -പ്രവർത്തനക്ഷമമായില്ല | 3-15 | |
| 33 | റോഡ് സൈഡ് കെട്ട് പ്രവർത്തി അപാകങ്ങൾ | 3-16 | |
| 34 | പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥാപനങ്ങൾക്ക് തുക നല്കി | 3-17 | |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 | |

| | | | |
|---|---|---|---|
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത ഓഡിററ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം. | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 30.03.2015 തിയതിയിലെ 35/15 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 05.08.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 21.11.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,05,71,291/- |
| വരവ് | 8,51,77,455/- |
| ആകെ | 13,57,48,746/- |
| ചെലവ് | 11,98,00,864/- |
| നീക്കിയിരിപ്പ് | 1,59,47,882/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 5622423 | 23642815 | 29265238 | 29265238 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | 2034863 | 1549000 | 3583863 | 3583863 | - | 100 |
| വികസനഫണ്ട് ടി.എസ്. പി. | 10133232 | 14213613 | 24346845 | 24346845 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 6100412 | 5506381 | 11606793 | 11606793 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4039119 | 4700214 | 8739333 | 8739333 | - | 100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 8957714 | 18765900 | 27723614 | 27723614 | - | 100 |
| പെർഫോമൻസ്ഗ്രാന്റ് ലോക ബാങ്ക് | 2615410 | 1446592 | 4062002 | 4062002 | - | 100 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | | |
| ബി ഫണ്ട് | - | 1222160 | 1222160 | 1222160 | - | 100 |
| എം.എൻ.ആർ.ഇ.ജി.എസ് | 163076 | 801208 | 964284 | 962398 | 1886 | 99 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | നടപ്പാക്കിയത് | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശത മാനം |
|---|---|---|---|---|
| 317 | 203 | 41 | 73 | 64.03 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3447147 | 4433058 | 985911 | +28.5 |
| നികുതിയേതര വരവുകൾ | 601079 | 646804 | 45725 | +7.7 |
| മറ്റുവരവുകൾ | 235521 | 127742 | -107774 | -46 |
| ആകെ | 4283747 | 5207604 | 923857 | 21.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 145920 | 103 |
| കർഷകതൊഴിലാളി പെൻഷൻ | 7410360 | 979 |
| വിധവാപെൻഷൻ | 13875000 | 1439 |
| വാർദ്ധക്യകാലപെൻഷൻ | 16969470 | 2157 |
| വികലാംഗപെൻഷൻ | 3637775 | 365 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ അമ്മമാർക്കുള്ള പെൻഷൻ | 208360 | 25 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1070/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമായി നടക്കുന്നില്ല. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

1.നികുതിയിനങ്ങളുടെ രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല.

2. ഇൻക്രിമെന്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല.

3.മുൻകൂർ രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. തിരിച്ചുനൽകുന്ന മുൻകൂറുകളുടെ വിവരം രേഖപ്പെടുത്തുന്നില്ല. 2012-13 വർഷം മുതലുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

4.പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കുകയോ ,യോഗം ചേരുകയോ ചെയ്തിട്ടില്ല.തദ്ദേശ സ്വയംഭരണവകുപ്പിന്റെ 8.11.2010 ലെ ജി.ഒ.പി.259/2010 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തൻവർഷം പഞ്ചായത്തിൽ വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

5.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2015-16 സാമ്പത്തികവർഷം പഞ്ചായത്ത് വാങ്ങിയ പല ആസ്തികളുടെയും വിവരം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. എസ്.എസ്.എ മുഖേനയും മറ്റും സ്കൂളുകളിൽ നടത്തിയിട്ടുള്ള നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ സമാഹരിക്കുന്ന ആസ്തികളുടെ വിവരങ്ങൾ എന്നിവ ചേർക്കുന്നില്ല.

6. പേഴ്സണൽ രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല.തപാലുകൾ സെക്ഷനിലേക്ക് നൽകുന്നതിന്റെ തീർപ്പാക്കലുകൾ നിരീക്ഷിക്കാൻ കഴിയുന്നില്ല.

7.പഞ്ചായത്ത് യോഗങ്ങളുടെ തീരുമാനം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8.മാസ്റ്റർ ഇൻകംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-11 ഗ്രാമസഭാസംഘാടനം കാര്യക്ഷമമല്ല.

പഞ്ചായത്തിലെ ഗ്രാമസഭാമിനട്സുകൾ പരിശോധിച്ചതിൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിൽ ചില വീഴ്ചകൾ വന്നത് ശ്രദ്ധയിൽപ്പെട്ടു. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം 3 മാസത്തിലൊരിക്കൽ ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതും യോഗത്തിന്റെ ക്വോറം ആകെ വോട്ടർമാരുടെ പത്ത് ശതമാനം ആയിരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വിളിച്ചുചേർത്ത പല ഗ്രാമസഭായോഗങ്ങളിലും ക്വോറം തികയുന്നില്ല. ക്വോറം തികയാത്ത യോഗങ്ങൾ മാറ്റിവെച്ച് വീണ്ടും വിളിച്ചുചേർക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് -9,വോട്ടർമാരുടെ എണ്ണം-1357

| വാർഡ് | ക്വോറം | തീയതി | ഹാജർ |
|---|---|---|---|
| 9 | 136 | 29.12.15 | 125 |
| | | 23.1.16 | 106 |
| | | 2.10.16 | 55 |
| | | 8.11.16 | 129 |
| 13 | 140 | 23.12.15 | 121 |
| | | 10.11.16 | 122 |

| | | | |
|---|---|---|---|
| 12 | 120 | 24.12.15 | 58 |
| | | 11.2.16 | 101 |
| | | 6.11.16 | 113 |
| 8 | 130 | 24.1.16 | 60 |
| 10 | 142 | 26.12.15 | 126 |
| | | 23.1.16 | 57 |
| | | 6.2.16 | 120 |
| | | 8.11.16 | 103 |

ഗ്രാമസഭായോഗങ്ങളിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്തതായിക്കാണുന്നില്ല. മുൻവർഷത്തെ വരവു ചെലവുകണക്കുകൾ അംഗീകരിക്കുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നില്ല. പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നില്ല. ഗ്രാമസഭകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -14/15-16 /25.11.16 ന് മറുപടി നൽകിയിട്ടില്ല.

## 1-12 ഗുണഭോക്തൃതെരഞ്ഞെടുപ്പ് സുതാര്യമല്ല.

2015-16 വർഷം പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3, ജി.ഒ.(പി)-220/97/ത.ഭ.വ.2.10.97 എന്നിവ പാലിക്കുന്നില്ല എന്ന് കണ്ടു.

ഗ്രാമസഭകൾ മുഖാന്തിരം ആവശ്യമായ പ്രചാരണം നടത്തി മുൻഗണനാക്രമത്തിൽ ഓരോ വാർഡുകളിലും മുൻഗണനാലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് യോഗത്തിലാണ് പട്ടിക തയ്യാറാക്കേണ്ടത്. ഈഗ്രാമപഞ്ചായത്ത് യോഗത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്കും പൊതുജനങ്ങൾക്കും പ്രവേശനം നൽകേണ്ടതാണ്. ഈ പട്ടിക കരടായി പ്രസിദ്ധീകരിക്കേണ്ടതും കരട് ലിസ്റ്റിൻ മേൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിച്ച് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമസഭാമിനുട്സുകളിൽ എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ച് മുൻഗണനാലിസ്റ്റുകൾ തയ്യാറാക്കിയിട്ടില്ല. ഉദാഹരണമായി സമഗ്രപുരയിടകൃഷി, സമഗ്രനെൽകൃഷിവികസനം എന്നീ പ്രോജക്ടുകൾക്ക് കൃഷിഭവൻ മുഖേന അപേക്ഷ ക്ഷണിക്കുകയും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയുമാണ് ചെയ്തത്. ഈ ലിസ്റ്റ് തുടർന്നുകൂടിയ ഗ്രാമസഭായോഗങ്ങളിൽ അംഗീകരിച്ചിട്ടുമില്ല.

## 1-13 വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണമാർഗ്ഗരേഖ ജി.ഒ. (എം.എസ്) 362/13തീയതി 16.11.13 പ്രകാരം പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 13 വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും ചില വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്തിട്ടില്ല. തൻവർഷം ചേർന്ന യോഗത്തിൽ പ്രോജക്ടുകൾ സംബന്ധിച്ച ചർച്ചകൾ മാത്രമാണ് നടന്നത്. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. വ്രക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതിപൂർത്തീകരിച്ചില്ല. മിനുട്സുകളിൽ യോഗങ്ങളുടെ ഹാജർ മാത്രം രേഖപ്പെടുത്തി തീരുമാനങ്ങൾ രേഖപ്പെടുത്താതെ പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു.

ഏറ്റവും കൂടുതൽ പദ്ധതികൾ ഉള്ള പൊതുമരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് തൻവർഷം 25.2.16 ന് ഒരു യോഗം മാത്രമാണ് ചേർന്നത്. എന്നാൽ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നത് ക്രമപ്രകാരമല്ല. സർക്കാർ മാർഗ്ഗനിർദ്ദേശ ങ്ങൾക്ക വിരുദ്ധമായി വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.11.16-05.11.16 | 01.07.2016-30.09.2016 | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.06.2012-11.07.2012 | 01.04.2007 മുതൽ 31.03.2012 വരെ | എൽബിഎ(എച്ച്.ക്യൂ)വി/എ/1832/61 തിയ്യതി 09.08.12 |

## 1-15 പൊതുമരാമത്ത് പ്രവൃത്തികൾ-അശാസ്ത്രീയമായ ആസൂത്രണവും നടപ്പാക്കലും

ഒരു എഞ്ചിനീയറും രണ്ട് ഓവർസീയർമാരും ഒരു ക്ലാർക്കും മാത്രമാണ് പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗത്തിലുള്ളത്. തൻവർഷം പഞ്ചായത്തിൽ അംഗീകാരം വാങ്ങിയ 240 പ്രൊജക്ടുകളിൽ 228 പ്രോജക്ടുകൾ നടപ്പാക്കി. ഇത് കൂടാതെ അസിസ്റ്റന്റ് എൻജിനീയർക്ക് മറ്റ് രണ്ട് പഞ്ചായത്തുകളുടെ അധീഷണൽ ചാർജ്ജും ഉണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവർ വെക്കുന്ന പദ്ധതികളുടെ ജോലികളും എൻജിനീയർ നിർവഹിക്കേണ്ടതായിട്ടുണ്ട്. ചെറിയ ചെറിയ തുകകൾ വകയിരുത്തി അസംഖ്യം റോഡ് പ്രവൃത്തികൾ ഉൾപ്പെടെ ഭാഗികമായ പ്രവൃത്തികളാണ് പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്. പല റോഡുകളും കുറച്ചുഭാഗം മാത്രം റീടാറിംഗ് നടത്തി മറ്റു ഭാഗം കുണ്ടും കുഴിയുമായി അവശേഷിക്കുന്നു. ഒരു റോഡും പൂർണ്ണമായി ഗതാഗതയോഗ്യമാക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നില്ല. പരിമിതമായ സ്റ്റാഫ് മാത്രം ഉണ്ടായിരിക്കെ പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രൊജക്ടുകൾ വയ്ക്കുന്നത് ശരിയല്ല. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ 16.11.13 ലെ ജി.ഒ.(എം.എസ്) 362/2013 പ്രകാരം ഒരു പദ്ധതി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിലായിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടത്. തുകകൾക്ക് അനുസൃതമായി ഭാഗികമായ പ്രോജക്ടുകൾ തയ്യാറാക്കാൻ പാടില്ല. പ്രൊജക്ട് തയ്യാറാക്കിയതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കുന്നതിനൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻ തുകചെലവഴിക്കാതെ നഷ്ടമാകുന്നതിനും ഇത് കാരണമാകുന്നുണ്ട്.പ്രവൃത്തികളുടെ ബാഹുല്യം കാരണവും ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി കാരണവും പ്രവൃത്തികളുടെ ഭൂരിഭാഗവും നിർവ്വഹിച്ചാൽ തന്നെ ഗുണമേന്മ ഉറപ്പു വരുത്താൻ സൈറ്റ് സന്ദർശിക്കാൻ കഴിയാത്തതുമൂലം സ്റ്റാഫിനു കഴിയുകയില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ പതിയേണ്ടതുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുളിലെ അപാകതകൾ - സംബന്ധിച്ച്.

2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്തിന്റെ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെട്ടു ത്തിയിട്ടില്ല. പല ബാങ്ക് അക്കൗണ്ടുകളും ഏതാവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്നത്

വ്യക്തമല്ല.

2. VPF ട്രഷറി എന്ന അക്കൗണ്ടിൽ 1,07,844/- രൂപ മുൻബാക്കിയായും നീക്കിയിരിപ്പായും രേഖപ്പെടുത്തിയിരിക്കുന്നു. ഏത് ഇടപാടുകൾ നടത്തുന്ന അക്കൌണ്ട് ആണിതെന്ന് വ്യക്തമല്ല.
3. ഗ്രാമപഞ്ചായത്ത് സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സുൽത്താൻബത്തേരി സബ് ട്രഷറി ബാങ്കിംഗ് ട്രഷറി ആയിരിക്കെ Canara Bank A/c No.0834101026384 Plan Fund Account ആയി തുടരുകയും വലിയ തുക മുൻബാക്കിയായും നീക്കിയിരിപ്പായും കാണിച്ചിരിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സുൽത്താൻബത്തേരി ബ്രാഞ്ചിലെ 57068379554 ലും 14,30,255/- രൂപ മുൻബാക്കിയായും നീക്കിയിരിപ്പായും കാണിച്ചിരിക്കുന്നു.
4. വിവിധ നികുതി, നികുതി ഇതര ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കണം.
6. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
7. രശിത് & പേമെൻറ് അക്കൗണ്ട് RP 31 വിവിധ വരവ് രേഖപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.
8. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
9. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
10. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്ടുകളിലായി ഫർണിച്ചറുകൾ , കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. ഇവയൊന്നും പ്രൊക്വർമെന്റ് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. മാത്രമല്ല ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഇത്തരം വാങ്ങലുകൾ നടത്താത്തതും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.
11. ഇ.എം.എസ് ഭവന പദ്ധതിക്ക് ലോൺ എടുത്തിട്ടുണ്ടെങ്കിലും ലോൺ രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.
12. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
13. MNREGS, EFMI വഴി നൽകിയതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
14. ICDS, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, തുടങ്ങി പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
15. ജി.ഒ.(പി)419/15/ഫിൻ/19/09/2015 പ്രകാരമുള്ള കൃത്യമായ കണക്കുകൾ തയ്യാറാക്കിയിട്ടില്ല.
16. വയനാട് ജില്ലാപഞ്ചായത്ത്, പനമരം ബ്ലോക്ക്പഞ്ചായത്ത് എന്നിവ നെൽകൃഷി പ്രോത്സാഹനപദ്ധതിക്കായി നൽകിയ തുക കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന നേരിട്ട് കൃഷി ഓഫീസർക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ജി.ഒ.(എം.എസ്) 362/13 ത.സ്വ.ഭ.വ16.11.13 പ്രകാരം തുക സ്വീകരിക്കേണ്ട സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ രേഖാമൂലമുള്ള റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ തുക സെക്രട്ടറിയുടെ പേരിലാണ് അനുവദിക്കേണ്ടത്. സ്വീകരിക്കുന്ന തുക ട്രഷറിയിൽനിക്ഷേപിച്ച് നിർവഹണ ഉദ്യോഗസ്ഥന്

അലോട്ട്മെന്റ് ആയി നൽകുകയാണ് ചെയ്യേണ്ടത്. സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് സംയുക്തപ്രോജക്ടുകൾക്ക് തുക ചെലവഴിച്ചത്. ആയതിനാൽ ഈതുകകൾ പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

17. തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6തീയതി 23/11/2016 ന് അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.അപാകങ്ങൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് നല്കുന്നതിലെ പാളിച്ചകൾ

1. ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളും അതിൻമേലുള്ള അന്വേഷണ റിപ്പോർട്ടുകളും പൂർണ്ണമല്ല. എന്നാൽ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. ഏതാനും ഉദാ. താഴെപ്പറയുന്നു

| ക്രമ നം. | ഡി & ഒ രജിസ്റ്ററിലെ ക്രമനം | അപേക്ഷകന്റെ പേര് | അപാകത |
|---|---|---|---|
| 1 | 103 | ശ്രീ.മോഹനൻ വി.കെ,<br>ഷോപ്പ് മാനേജർ<br>(ഇൻചാർജ്),<br>മാവേലി സ്റ്റോർ, നടവയൽ | അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടില്ല.<br>സെക്രട്ടറി തീരുമാനമെടുത്തിട്ടില്ല. |
| 2 | 69 | നാരായണൻ<br>കോച്ചേരിയിൽ<br>വാളവയൽ | അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടില്ല.<br>സെക്രട്ടറി തീരുമാനമെടുത്തിട്ടില്ല.<br>അംഗീകൃ അറവുശാലയിൽ നിന്നുമുള്ള<br>പന്നി മാംസം വില്പന നടത്തുന്നതിനുള്ള സ്റ്റാൾ. |
| 3 | 43 | താഹിർ കല്ലാട്ട്, മുട്ടിൽ<br>കല്ലാട്ട് പെട്രോളിയം<br>ഏജൻസി, കേണിച്ചിറ | അന്വേഷണ ഉദ്യോഗസ്ഥന്റെ<br>റിപ്പോർട്ടില്ല.സെക്രട്ടറി തീരുമാനമെടുത്തിട്ടില്ല |

ആയതിനാൽ അപേക്ഷയും അന്വേഷണ റിപ്പോർട്ട് അപൂർണ്ണമാണെന്നിരിക്കെ എങ്ങനെയാണ് ലൈസൻസ് ഫീ ഈടാക്കിയതെന്നും ലൈസൻസ് അനുവദിച്ചതെന്നും വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 11 /15-16/24.11.16 ന് മറുപടി ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ ലൈസൻസോടെ പ്രവർത്തിക്കുന്ന വിവിധ കശാപ്പുശാലകളുടെ വിശദാംശം (കെട്ടിടഉടമയുടെ പേര്, കെട്ടിടനമ്പർ, ലൈസൻസെടുത്ത ആളുടെ പേരും ലൈസൻസ് നമ്പർ എന്നിവ) ഓഡിറ്റിന് നല്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 11 /15-16/24.11.16 ന് മറുപടി ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. നാരായണൻ, കോച്ചേരിയിൽ,വാളവയൽ എന്നവർക്ക് ഏഴാം വാർഡിൽ 732 ാം നമ്പർ കെട്ടിടത്തിൽ അംഗീകൃത അറവശാലയിൽ നിന്നുമുള്ള പന്നി മാംസം വിൽക്കാൻ സ്റ്റാളിന് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട് (ബി-1/1546/15 തിയ്യതി 13.03.15). അംഗീകൃത അറവശാലയിൽ നിന്നുമുള്ള പന്നി മാംസമാണ് വിൽക്കുന്നതെങ്കിൽ അതിന്റെ കെട്ടിടനമ്പർ, ലൈസൻസെടുത്ത ആളുടെ പേര്, ലൈസൻസ് നമ്പർ എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതും അറവശാല ലൈസൻസ് ഇല്ലെങ്കിൽ പന്നി സ്റ്റാളിന്റെ ലൈസൻസ് റദ്ദാക്കേണ്ടതുമാണ്.

3. നിലവിൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 1750 കെട്ടിടങ്ങളിൽ (21/11/16 ലെ കണക്ക പ്രകാരം അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ?

ആയതിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ ഫീൽഡ് പരിശോധന നടത്തി വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഓഡിറ്റിന് പരിശോധനയ്ക്ക് നല്കാമോ? 2015-16 കാലയളവിൽ ഡി &ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾ

ശ്രദ്ധയിൽപ്പെട്ടിരുന്നോ,നടപടിയെടുത്തിരുന്നോ ? വിശദാംശങ്ങൾ നല്കുക. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 11/15-16/24.11.16 ന് മറുപടി ലഭിച്ചില്ല. ഇക്കാര്യത്തിൽ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി -എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയില്ല.

തൊഴിൽനികുതി -എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയില്ല.

1)തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല.

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ അബ്സ്ട്രാക്റ്റ് എഴുതുകയോ സെക്രട്ടറി ഒപ്പുവെയ്ക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്റർ എഴുതി പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) തൊഴിൽനികുതി ഈടാക്കാത്തതു സംബന്ധിച്ച്

1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാ ത്തതിന് വിശദീകരണം നൽകേണ്ടതാണ്.

| ക്രമനം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എദൻവാലി പ്ലാന്റേഷൻസ്, വാകേരി – സ്ഥാപനനികുതി രണ്ട് അർദ്ധവർഷവും ജീവനക്കാരുടെ തൊഴിൽനികുതി രണ്ടാം അർദ്ധവർഷവും അടവാക്കിയിട്ടില്ല. |
| 2 | കോളേരി പോസ്റ്റ് ഓഫീസ്- ജീവനക്കാരുടെ തൊഴിൽനികുതി രണ്ടാം അർദ്ധവർഷം അടവാക്കിയിട്ടില്ല |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് ലി.-സ്ഥാപനനികുതി ഒന്നാം അർദ്ധവർഷം അടവാക്കിയിട്ടില്ല |
| 4 | കേരള ഗ്രാമീൺ ബാങ്ക് വാകേരി ബ്രാഞ്ച്- സ്ഥാപനനികുതി ഒന്നാം അർദ്ധവർഷം അടവാക്കിയിട്ടില്ല |
| 5 | ക്ഷീരോത്പ്പാദക സഹകരണസംഘം നടവയൽ-സ്ഥാപനനികുതി രണ്ട് അർദ്ധവർഷം അടവാക്കിയിട്ടില്ല. ഒന്നാ അർദ്ധവർഷം നാല് ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയെങ്കിൽ രണ്ടാം അർദ്ധവർഷം ഒരാൾ മാത്രമാണ് തൊഴിൽനികുതി അടച്ചത്. |
| 6 | സ്നേഹ ഹോസ്പിറ്റൽ കേണിച്ചിറ-സ്ഥാപനനികുതി രണ്ട് അർദ്ധവർഷവും ജീവനക്കാരുടെ തൊഴിൽനികുതി രണ്ടാം അർദ്ധവർഷവും അടവാക്കിയിട്ടില്ല. |
| 7 | ഒന്നാം അർദ്ധവർഷം 8 ജീവനക്കാരാണ് തൊഴിൽനികുതി അടച്ചതെങ്കിൽ രണ്ടാം അർദ്ധവർഷം 17 ജീവനക്കാരാണ് തൊഴിൽനികുതി അടച്ചത്. |
| 8 | ഗോകുലം ഗോവർദ്ധന കേന്ദ്രം-സ്ഥാപനനികുതി രണ്ട് അർദ്ധവർഷവും ജീവനക്കാരുടെ തൊഴിൽനികുതി രണ്ടാം അർദ്ധവർഷവും അടവാക്കിയിട്ടില്ല. |

| | |
|---|---|
| 9 | വാകേരി പോസ്റ്റ് ഓഫീസ്-<br>രണ്ടാം അർദ്ധവർഷം തൊഴിൽനികുതി അടവാക്കിയിട്ടില്ല. |
| 10 | പാംമ്പ്ര ക്ഷീരോത്പ്പാദക സഹകരണസംഘം- സ്ഥാപനനികുതി രണ്ട് അർദ്ധവർഷവും ജീവനക്കാരുടെ തൊഴിൽനികുതി രണ്ടാം അർദ്ധവർഷവും അടവാക്കിയിട്ടില്ല. |
| 11 | വാകേരി പോസ്റ്റ് ഓഫീസ്- രണ്ട് അർദ്ധവർഷവും<br>തൊഴിൽനികുതി അടവാക്കിയിട്ടില്ല |
| 12 | പ്ലാന്റേഷൻസ്, വാകേരി-രണ്ട് അർദ്ധവർഷവും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയുംതെക്കേത്തട്ടിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ല. |
| 13 | ഗ്രീൻവാലി എസ്റ്റേറ്റ്, വാകേരി- ,, |
| 14 | ക്രസൻറ് ഇംഗ്ളീഷ് മീഡിയം സ്കൂൾ, വാകേരി- ,, |
| 15 | ക്രൈസ്റ്റ് ഇംഗ്ളീഷ് മീഡിയം സ്കൂൾ, ഇരുളം- ,, |
| 16 | ശ്രീനാരായണ സി.ബി.എസ്.ഇ സ്കൂൾ, മൂന്നാനകുഴി - ,, |
| 17 | ഡോ.പ്രസാദ് ഡയബറ്റിക് കെയർ & റിസർച്ച് സെന്റർ,കേണിച്ചിറ- ,, |
| 18 | ശിവസിദ്ധ ഹീലിങ്ങ് & റിസർച്ച് സെന്റർ കോളേരി- ,, |
| 19 | എൻ.ആർ.എച്ച് .എം ഹോമിയോ ഡിസ്പെൻസറി,കേണിച്ചിറ- ,, |
| 20 | ഹെഡ് ലോഡ് വർക്കേഴ്സ് ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള പൂതാടി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവർ –<br>രണ്ട് അർദ്ധവർഷവും തൊഴിൽനികുതി അടവാക്കിയിട്ടില്ല. |
| 21 | പൂതാടി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ, കോൺട്രാക്ടർമാർ,വക്കീലുമാർ,അക്ഷയസെന്ററിലെ ജീവനക്കാർ,-രണ്ട് അർദ്ധവർഷവും തൊഴിൽനികുതി അടവാക്കിയിട്ടില്ല. |
| 22 | റിസോർട്ടുകൾ-വയനാട് ലഗൂൺ അക്വാട്ടിക് റിസോർട്ട് ടൂറിസം ലി.(കെട്ടിട നം-1/467 എ -സി)ഉടങ്ങിയ പൂതാടി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 22 റിസോർട്ടുകൾ -രണ്ട് അർദ്ധവർഷവും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതിയും അടവാക്കിയിട്ടില്ല. |

3) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ഡി & ഒ രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡി & ഒ അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽനികുതി അടവാക്കിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 17 | സെന്റ് ആൻസ് ഹോസ്പിറ്റൽ,നടവയൽ | 12 | ഒന്നാം രണ്ടാം അർദ്ധവർഷം-8, രണ്ടാം അർദ്ധവർഷം-5 |
| 61 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്,കേണിച്ചിറ | 4 | 1 |
| 103 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്,കേണിച്ചിറ | 4 | 1 |

4)1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി )ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നല്കിയിട്ടുള്ള ഫോറം നം.1, തൊഴലുടമ സമർപ്പിച്ച ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിച്ച ഫോറം നം.2, ഫോറം നം. 3 പ്രകാരമുള്ള ഡിമാന്റ് നോട്ടീസ്, ഫോറം നം.4 പ്രകാരം ഡിമാന്റ് നോട്ടീസ് നടത്തുന്നതിനും പിരിക്കുന്നതിനും ആവശ്യപ്പെട്ടതിന്റെ രേഖ, തൊഴിൽനികുതി ഡിമാന്റ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തും തൊഴിലുടമയും സൂക്ഷിക്കുന്ന V ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ, VI ാം നം ഫോറത്തിൽ നോട്ടീസ് നൽകി റിട്ടേൺ സ്വീകരിച്ചതിന്റെ രേഖ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തൊഴിലുടമ സൂക്ഷിക്കുന്ന രജിസ്റ്ററിന്റെ കൃത്യത ഓരോ അർദ്ധവർഷാവസാനവും സെക്രട്ടറി ഉറപ്പുവരുത്തുന്നുണ്ടോയെന്ന് അറിയിക്കേണ്ടതുമാണ്.

5) 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലേയ്ക്കായി 2015-16 വർഷത്തിൽ കെട്ടിടനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്നനിലയിൽ നികുതി നിർണ്ണയിച്ച 75 കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ ?.

ആയതിന് എത്ര ആളുകൾ മറുപടി നല്കിയിട്ടുണ്ട്?

മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ/ആളുകളുടെ എണ്ണമെത്ര?

നിലവിൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 1750 കെട്ടിടങ്ങളിൽ(21/11/16 ലെ കണക്ക് പ്രകാരം) അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ ?

ആയതിന് എത്ര ആളുകൾ മറുപടി നല്കിയിട്ടുണ്ട്. മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ/ആളുകളുടെ എണ്ണമെത്ര?

1996 ലെ കേ.പ.രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും )ചട്ടങ്ങൾ സെക്ഷൻ 5 പ്രകാരം നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അസ്സസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

6. 2015-16 ലേക്ക് D&O ലൈസൻസ് എടുത്ത 449 സ്ഥാപനങ്ങളിൽ 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേ.പ.രാ തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരം നോട്ടീസ് നല്കിയ സ്ഥാപനങ്ങളുടെ എണ്ണമെത്ര?

   ഇതേ ചട്ടപ്രകാരം റിട്ടേൺ സമർപ്പിച്ച സ്ഥാപനങ്ങളുടെ എണ്ണമെത്ര ? സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ എണ്ണമെത്ര ?

   ഇവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ഓഡിറ്റിന് നല്കാമോ?

   മേൽ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ - 12/15-16/23.11.16 ന് മറുപടി ലഭിച്ചില്ല. ഇക്കാര്യത്തിൽ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിടപെർമ്മിറ്റ് നല്കിയതിലെ അപാകത

സ്കൂൾ കെട്ടിടത്തിന് കെട്ടിടപെർമിറ്റ് നല്കിയത് സംബന്ധിച്ച്

| പെർമിറ്റ് നം | കെട്ടിട ഉടമസ്ഥന്റെ പേര്,സർവ്വേനം,നില | അപാകത |
|---|---|---|
| 87/പി/15-16 തിയ്യതി- 09/07/15 | ശ്രീധരൻ പി.ഇ ,ചെയർമാൻ ഗുരുദർശൻ ചാരിറ്റബിൾ ട്രസ്റ്റ് പി.ഒ കോളേരി-സ്കൂൾകെട്ടിടം കൂട്ടി ചേർത്ത് നിർമ്മിക്കുന്നതിനുള്ള അപേക്ഷ-173/4-ഇരുളം<br>നിലവിലെ ഗ്രൗണ്ട്<br>നില-258.72 $m^2$<br>,, ഒന്നാം നില-270.11 $m^2$<br>നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന<br>സെല്ലാർ നില-199.68 $m^2$<br>നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന<br>ഗ്രൗണ്ട് നില-333.28 $m^2$<br>നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന<br>രണ്ടാം നില-270.11$m^2$<br>നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന<br>ബാത്ത് റൂം-20.22 $m^2$<br>ആകെ-1352.12 $m^2$ | 1)ബഹു. ജില്ലാകളക്ടറുടെ 30/06/2015 ലെ 2014/21178/ 12/എച്ച്3 ഉത്തരവ് പ്രകാരവും ബഹു.കേരളഹൈക്കോടതി യുടെ ഡബ്ല്യു.(പിസി) നം. 29516/15(എൽ)03/11/15 ഉത്തരവ് പ്രകാരവും 30/06/15 ന് ശേഷം പൂതാടി പഞ്ചായത്തിൽ 3 നിലയിൽ കൂടുതലുള്ള കെട്ടിടം നിർമ്മിക്കാൻ പാടില്ല. എന്നാൽ ഈ കെട്ടിടത്തിന് സെല്ലാർ ഉൾപ്പെടെ നാല് നിലയുണ്ട്.<br>2)2011 ലെ കേരള പഞ്ചായത്ത്കെട്ടിടനിർമ്മാണചട്ടങ്ങൾ ഉപചട്ടം 47(ബി)പ്രകാരം നിലംനിരപ്പിനു മുകളിൽ രണ്ടു നിലകളിൽ കൂടുതലുള്ള വാസഗൃഹ വിഭാഗത്തിൽപ്പെടാത്ത എല്ലാ കെട്ടിടങ്ങൾക്കും അഗ്നിബാധയിൽ നിന്ന് രക്ഷപ്പെ ടാനുള്ള കോണിപ്പടികൾ സ്ഥാപിക്കേണ്ടതാണെങ്കിലും ആയത് പ്ലാനിൽ കാണിച്ചിട്ടില്ല.<br>3)അടിയന്തിര ഘട്ട പുറം വാതിലുകൾ ഓരോനിലയിലും സ്ഥാപിക്കേണ്ടതാണ്. (2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ ഉപചട്ടം 48). ആയത് പ്ലാനിൽ കാണിച്ചിട്ടില്ല.<br>4) വിദ്യാഭ്യാസകെട്ടിടങ്ങളുടെ കാര്യത്തിൽ മൊത്തം തറ വിസ്തീർണ്ണം 500 ച.മീ കവിയുകയും എന്നാൽ 2000 ച.മീ വരെയുള്ളവയ്ക്ക് ജില്ലാ ടൗൺപ്ലാനറുടെ അംഗീകാരം നേടേണ്ടതാണ്(2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ഉപചട്ടം 56). ആയതിന്റെ രേഖ ഹാജരാക്കേണ്ടതാണ്. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 04/ 15-16/22.11.16 മറുപടിയായി അപാകത ഒന്നു പരിഹരിക്കുന്നതിനായി കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോർ ഒഴിവാക്കി പ്രത്യേക പാർക്കിംഗ് സ്ഥലം പുതിയ പ്ലാൻ സമർപ്പിക്കാൻ അപേക്ഷകനോട് ആവശ്യപ്പെടുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രണ്ട് മുതൽ അഞ്ച് വരെയുള്ള അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞപ്രകാരം നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തതു സംബന്ധിച്ച് -

1) സ്വകാര്യടവ്വറുകളിൽ നിന്നു വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച് -

| ക്രമ നമ്പർ | കെട്ടിടനമ്പർ | ഈടാക്കേണ്ട നികുതി (സഞ്ചയ പ്രകാരം) |
|---|---|---|
| 1 | 1/423 | 2013-14 മുതൽ 50,527/- രൂപ |
| 2 | 1/424 | 2013-14 മുതൽ 63,000/- രൂപ |

| | | |
|---|---|---|
| 3 | 4/144 | 2013-14 മുതൽ 26,460/- രൂപ |
| 4 | 6/286 | 2013-14 മുതൽ 1,54,980/- രൂപ |
| 5 | 11/353-എ | 2013-14 മുതൽ 50,248/- രൂപ |

കെ.പി.ആർ വകുപ്പ് 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള എതെങ്കിലും നികുതിക്കോ മറ്റു സംഖ്യക്കോയാതൊരു ജപ്തിയും യാതൊരു വ്യവഹാരവും, യാതൊരു പ്രോസിക്യൂഷൻ നടപടിയും ആ നികുതിയേയോ, ആ സംഖ്യയേയോ സംബന്ധിച്ചിടത്തോളം, അതതു സംഗതിപോലെ, ജപ്തി ആദ്യമേ നടത്തുകയോ, വ്യവഹാരം ആദ്യമേ കൊടുക്കുകയോ പ്രോസിക്യൂഷൻ നടപടി ആദ്യമേ തുടങ്ങുകയോ ചെയ്യാമായിരുന്ന തിയ്യതി മുതൽ 3 വർഷം കഴിഞ്ഞതിനുശേഷം നടത്തുകയോ, കൊടുക്കയോ, തുടങ്ങുകയോ ചെയ്യാൻ പാടില്ലാത്തതാണ്. കെ.പി.ആർ (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും )ചട്ടങ്ങളിലെ ഉപചട്ടം 14,15,16 പ്രകാരം വസ്തു നികുതി ഈടാക്കാൻ നടപടിയെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. 'ബി.എസ്.എൻ.എൽ' ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തതു സംബന്ധിച്ച് -

19.09.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി)2640/2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവ്വറുകൾക്ക് വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ പൂതാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതുവരെ പ്രവർത്തന ക്ഷമമായ 'ബി.എസ്.എൻ.എൽ' ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ബി.എസ്.എൻഎൽ ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളുടെ താഴെപ്പറയുന്ന വിശദാംശങ്ങളും ഫയലുകളും നാളിതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പെർമിറ്റ് നമ്പർ/തീയതി | സ്ഥാപിച്ച വർഷം | തറവിസ്തീർണ്ണം | ഈടാക്കിയ നികുതി |
|---|---|---|---|---|
| | | | | |
| | | | | |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -5 /15-16/22.11.16 ന് മറുപടിയായി ടവ്വറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വസ്തുനികുതി അടയ്ക്കാത്ത എല്ലാ സ്വകാര്യ-ബി.എസ്.എൻ.എൽ ടവ്വർ ഉടമസ്ഥരിൽ നിന്നും വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അഗതി - ആശ്രയ പദ്ധതി കാര്യക്ഷമമല്ല.

അഗതി ആശ്രയ മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)362/2013 തസ്വഭവ 16.11.13)പ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾക്കുള്ള ഫണ്ടാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടി വരുന്നത്. ജനറൽ, SC, ST എന്നീ വിഭാഗങ്ങൾക്കായി മേൽ

ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രോജക്ടിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. ഇതുകൊണ്ട് തന്നെ പ്രൊജക്ട് ആരംഭിച്ച് ആദ്യ വർഷങ്ങളിൽ തന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാനസൗകര്യാവശ്യങ്ങൾ നിറവേറ്റപ്പെടേണ്ട തായിരുന്നു. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതിയാണ് പഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നത്. ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതിയിൽ

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് എസ്.റ്റി വിഭാഗം | 2nd ജനറൽ |
|---|---|---|---|
| പ്രൊജക്ട പ്രകാരം ആകെ ഗുണഭോക്താക്കൾ* | 27 | 125 | 84 |
| പ്രൊജക്ടപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 20 | 9 | 4 |
| നാളിതുവരെ ലഭിച്ചവർ | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | പ്രോജക്ട് 8.1.13 ന് അംഗീകരിച്ചു.<br>ഇപ്പോൾ 4,86,000/- രൂപ ചലഞ്ച് ഫണ്ട് ലഭിച്ചു. |
| പ്രൊജക്ടപ്രകാരം വീട് ആവശ്യമുള്ളവർ | 27 | 49 | 20 |
| നാളിതുവരെ ലഭിച്ചവർ | 23 | വിവരം ലഭ്യമല്ല | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | കണക്ക് ലഭ്യമല്ല. | 10 | 16 |
| നാളിതുവരെ ലഭിച്ചവർ | ബാധകമല്ല. | വിവരം ലഭ്യമല്ല | |
| കക്കൂസ് ആവശ്യമുള്ളവർ | കണക്ക് ലഭ്യമല്ല. | വിവരം ലഭ്യമല്ല | |

| | | | |
|---|---|---|---|
| നാളിതുവരെ ലഭിച്ചവർ | ബാധകമല്ല. | വിവരം ലഭ്യമല്ല | |
| കുടിവെള്ളം ആവശ്യമുള്ളവർ | 27 | ഇല്ല | 6 |
| നാളിതുവരെ ലഭിച്ചവർ | കണക്ക് ലഭ്യമല്ല. | വിവരം ലഭ്യമല്ല ബാധകമല്ല. | |
| കറന്റ് ആവശ്യമുള്ളവർ | കണക്ക് ലഭ്യമല്ല. | ഇല്ല | |
| നാളിതുവരെ ലഭിച്ചവർ | ബാധകമല്ല. | ബാധകമല്ല. | |

പദ്ധതിക്ക് ലഭിച്ച തുക (ചലഞ്ച് ഫണ്ട് ) ഇപ്രകാരമാണ്

1.പൊതുവിഭാഗം ഒന്നാംഘട്ടം

ലഭിച്ച തുക - 1253180

നീക്കിയിരിപ്പ് - 69449

2.പട്ടികവർഗ്ഗം

ലഭിച്ച തുക - 843653

നീക്കിയിരിപ്പ് - 626215

ഭക്ഷണം, വസ്ത്രം, ചികിൽസ, വിദ്യാഭ്യാസം, ഭൂമി, വീട്, വീട് റിപ്പയർ എന്നിവക്കെല്ലാം തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ പൂതാടി ഗ്രാമപഞ്ചായത്ത് എസ്.ടി. വിഭാഗക്കാർക്ക് ചലഞ്ച് ഫണ്ട് ഉപയോഗിച്ച് അതിജീവനത്തിനുള്ള (ഭക്ഷണം) പ്രൊജക്ട് മാത്രമാണ് കുടുംബശ്രീ സി.ഡി.എസ് മുഖേന നടപ്പിലാക്കി വരുന്നത്. വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ നാളിതുവരെ ലഭിച്ചതിന്റെ വിശദമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

ഒന്നാമത്തെ ജനറൽ വിഭാഗക്കാർക്കുള്ള പ്രോജക്ടിൽ ആർക്കൊക്കെ എന്തൊക്കെ സഹായങ്ങൾ നൽകി എന്നത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഭക്ഷണകിറ്റുകൾ എന്നിവ വാങ്ങിയതിന്റെ സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമായും ചിട്ടയായും എഴുതി സൂക്ഷിക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻഗണന നൽകേണ്ടതും നിർബന്ധമായും ഫണ്ട് വകയിരുത്തി പ്രൊജക്ട് നടപ്പിലാക്കേണ്ടതുമാണ്.

അഗതി-ആശ്രയ പദ്ധതിസംബന്ധിച്ച വിലയിരുത്തൽസമിതി യോഗം ചേരുന്നതിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് യഥാർത്ഥവിലയിരുത്തൽ നടത്തുന്നില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 3-2 തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിലെ അപാകങ്ങൾ

1.സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നില്ല

2015-16 വർഷം ഓഫീസ് ആവശ്യത്തിനായി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ച് തപാൽ സ്റ്റാമ്പുകൾ വാങ്ങിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർനമ്പർ /തീയതി | തുക |
|---|---|---|
| 1 | 21500042/23.4.15 | 2,000 |
| 2 | 21500176/23.6.15 | 1,500 |
| 3 | 21500184/23.6.15 | 6,000 |
| 4 | 21500534/13.11.15 | 2,000 |
| 5 | 21500757/14.1.16 | 3,000 |

വാങ്ങിയ സ്റ്റാമ്പുകൾ സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ അതതു ദിവസം വരവുവെച്ചതായോ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിച്ചതായോ കാണുന്നില്ല. രജിസ്റ്റർ പൂർത്തീകരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2.യാത്രപ്പടി മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

തൻവർഷം നൽകിയ താഴെപ്പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർനമ്പർ /തീയതി | ഉദ്ദേശ്യം | തുക കൈപ്പറ്റിയ ആൾ | തുക |
|---|---|---|---|---|
| 1 | 51500107/16.5.15 | ഇന്റർനാഷണൽ കോൺഫറൻസ്, തിരുവനന്തപുരം | സെക്രട്ടറി | 2000 |
| 2 | 51500108/16.5.15 | ഇന്റർനാഷണൽ കോൺഫറൻസ്, തിരുവനന്തപുരം | പ്രസിഡന്റ് | 2000 |
| 3 | 51500175/23.6.15 | നിയമസഭാ സമിതി, തിരുവനന്തപുരം | സെക്രട്ടറി | 2000 |

തുക ക്രമീകരിച്ച വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -22/15-16 /28.11.16 ന് മറുപടി നൽകിയിട്ടില്ല.

## 3-3 മീഡിയാശ്രീ പദ്ധതിക്ക് തുക നൽകിയത്-പദ്ധതി പൂർത്തീകരിച്ചില്ല.

ട്രഷറി ബിൽനമ്പർ 1/23.1.16 -65000 പ്രകാരം

മീഡിയാ ശ്രീ പദ്ധതിക്കുവേണ്ടി അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 65,000/- രൂപ കുടുംബശ്രീ മിഷന് കൈമാറി. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ -16/15-16 /26.11.16 ന് മറുപടി നൽകിയില്ല. 65,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഹോംകോയിൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം :-

പ്രോജക്ട് നമ്പർ - 324/16

പ്രോജക്ട് - ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ - 2,00,000/-

2015-16 വർഷം ഹോംകോയിൽ നിന്നും ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 2,00,000/- രൂപ ട്രഷറിയിൽ നിന്നും ചെക്ക് നമ്പർ-906527/17.10.15 പ്രകാരം പിൻവലിച്ച് മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ - 21/15-16/29.11.16 പ്രകാരം വിവരം നിർവഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി നൽകിയിയിട്ടില്ല. 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-5 സൈക്കിൾ വിതരണം-മാർഗ്ഗരേഖ പാലിച്ചില്ല.

2015-16 വർഷം പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം നടത്തുന്നതിന് വേണ്ടി ട്രഷറിയിൽ നിന്ന് താഴെപ്പറയുന്ന തുകകൾ പിൻവലിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ - 411/16,416/16

പ്രോജക്ട് - പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

അടങ്കൽ - 411/16-4,83,000/-

- 416/16-40,000/-

ചെലവഴിച്ച തുക - 5,23,000/- രൂപ

നിർവഹണം - ഹെഡ് മിസ്ട്രസ്

തുക പിൻവലിച്ച വിവരം

| പ്രോജക്ട് നമ്പ്ര | പിൻവലിച്ച തുക | ട്രഷറിബിൽ, തീയതി |
|---|---|---|
| 416/16 | 1,16,180 | 12/15-16/22.3.16 |
| | 2,92,256 | 13/15-16/22.3.16 |
| | 44,000 | 14/15-16/22.3.16 |
| | 30,564 | 15/15-16/26.3.16 |
| 411/16 | 40,000 | 5/15-16/17.3.16 |

പ്രോജക്ട് പ്രകാരം 125 സൈക്കിളുകളും 115സൈക്കിൾ പമ്പുകളും സിഡ്കോയിൽ നിന്ന്, സൈക്കിൾ ഒന്നിന് 3,810/- രൂപ നിരക്കിലും പമ്പ് ഒന്നിന് 190/- രൂപ നിരക്കിലും വാങ്ങി എൽ.പി, യു.പി ക്ലാസ്സുകളിലെ കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ (സ.ഉ(എം.എസ്) 362/2013/തസ്വ.ഭവ തിയ്യതി 16/11/2013) പ്രകാരം പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് സൈക്കിൾ വിതരണം നടത്താവുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -20/15-16 /26.11.16 ന് മറുപടി നൽകിയിട്ടില്ല. 5,23,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 സ്കൂട്ടർ വിത്ത് സൈഡ് വീൽ-പദ്ധതി നടപ്പാക്കിയില്ല.

2015-16 വർഷം ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ നൽകുന്നതിന് വേണ്ടി ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നമ്പർ - 113/16

പ്രോജക്ട് - ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ

ചെലവഴിച്ച തുക - 2,14,500/- രൂപ

നിർവഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ട്രഷറി ബിൽനമ്പർ,തീയതി - 11/15-16/21.3.16

പ്രോജക്ട് പ്രകാരം 3 ഭിന്നശേഷിയുള്ള ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ വാങ്ങുന്നതിന് വേണ്ടി 2,14,500/- രൂപ പിൻവലിച്ച് ഡി.ഡി.ആയി നിർവഹണോദ്യോഗസ്ഥ കൈവശം സൂക്ഷിച്ചിട്ടുണ്ട്. Kerala State Handicapped Wefare Corporation, Managing Director ക്ക് വാഹനങ്ങൾ സപ്ലൈ ചെയ്യുന്നതിന് സപ്ലൈ ഓർഡർ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും വാഹനങ്ങൾ ലഭിച്ചിട്ടില്ല. 12.4.2006 ലെ ജി.ഒ.(പി.) 177/2006 പ്രകാരം സർക്കാർ ഫണ്ട് ചെലവഴിക്കാനാകാത്തത്, 30 ദിവസത്തിനകം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. ഇത്രകാലം തുക കൈവശം സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -19/15-16 /26.11.16 മറുപടി നൽകിയിട്ടില്ല. 2,14,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-7 കുടുംബശ്രീയൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയത്-ലക്ഷ്യം നേടിയില്ല.

2015-16 വർഷം താഴെപ്പറയുന്ന 52 കുടുംബശ്രീയൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകി.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നമ്പർ - 277/16

പ്രോജക്ട് - പട്ടികവർഗ്ഗ കുടുംബശ്രീയൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്

ചെലവഴിച്ച തുക - 2,50,000/- രൂപ

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ട്രഷറി ബിൽനമ്പർ,തീയതി- 4/31.3.16

2.പ്രോജക്ട് നമ്പർ - 334/16

പ്രോജക്ട് - കുടുംബശ്രീയൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്

ചെലവഴിച്ച തുക - 2,70,000/- രൂപ

നിർവഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ട്രഷറി ബിൽനമ്പർ,തീയതി - 16/26.3.16-220000

ട്രഷറി ബിൽനമ്പർ,തീയതി - 15/26.3.16-50000

പ്രോജക്ട് പ്രകാരം 52കുടുംബശ്രീയൂണിറ്റുകൾക്ക് 10,000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകി. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്)362/2013/തസ്വ.ഭവ തിയ്യതി 16/11/2013) അനുബന്ധം 16 (ഖണ്ഡിക 7.5,7.6)എന്നിവ പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, എഡിഎസ്,സിഡിഎസ് സൊസൈറ്റികൾ, കർഷകസംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവയ്ക്ക് വ്യക്തമായ വായ്പ അധിഷ്ഠിതമായ ഒരു തൊഴിൽ

സംരംഭത്തിന്റെ അടിസ്ഥാനത്തിലാണ് റിവോൾവിംഗ് ഫണ്ട് നൽകാവുന്നത്. എന്നാൽ യൂണിറ്റുകളൊന്നും തന്നെ നടത്തുന്ന സംരംഭങ്ങൾ സംബന്ധിച്ച പ്രോജക്റ്റ് തയ്യാറാക്കിയിട്ടില്ല. റിവോൾവിംഗ് ഫണ്ട് നല്കിയ യൂണിറ്റുകളുടെ രേഖകൾ റാൻഡം ആയി പരിശോധിച്ചതിൽ ഒരു യൂണിറ്റ് പോലും ലഭിച്ച തുക വിനിയോഗിച്ച് സംരംഭങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല. എൻക്വയറി നമ്പർ -17/15-16 /26.11.16 പ്രകാരം ഈ വിവരം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി നൽകിയില്ല. 5,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 കുടുംബശ്രീ അംഗങ്ങൾക്ക് കോഴിവിതരണം- സർക്കാർ വിലയ്ക്ക് പുറമേ വാറ്റ് നൽകിയത് സംബന്ധിച്ച്

2015-16 വർഷം വെറ്റിനറി സർജൻ നടപ്പാക്കിയ കുടുംബശ്രീ അംഗങ്ങൾക്ക് കോഴിവിതരണം പദ്ധതിയിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. പ്രോജക്റ്റ് നമ്പർ - 314/16

പ്രോജക്റ്റ് - കുടുംബശ്രീ അംഗങ്ങൾക്ക് കോഴിവിതരണം

നിർവഹണം - വെറ്റിനറി സർജൻ

അടങ്കൽ- - 7,57,010/-

വികസനഫണ്ട്- - 5,18,500/-

ഗുണഭോക്തൃവിഹിതം - 2,38,510/-

പ്രോജക്റ്റ് പ്രകാരം ഒരു കോഴിക്ക്90/രൂപാ നിരക്കിൽ 1037കുടുംബശ്രീ അംഗങ്ങൾക്ക് 7 കോഴികളെ വീതം വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയത്.

ചെലവ് വിവരം

ട്രഷറി ബിൽ c1/16.3.16- 4,85,500/-

ട്രഷറി ബിൽ c7/26.3.16- 33,000/-

വികസനഫണ്ടും ഗുണഭോക്തൃവിഹിതവുമുൾപ്പെടെ 7,57,010/- രൂപ ചെലവഴിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന രീതിയിലാണ് ചെലവ് വന്നിരിക്കുന്നത്.

| സ്ഥാപനം | ബിൽനമ്പർ,തുക | കോഴികളുടെ എണ്ണം | ആകെ വില | വാറ്റ് |
|---|---|---|---|---|
| പുലരി എഗ്ഗർ നേഴ്സറി | 1049/2.2.16-385923 | 3745 | 337050 | 48873 |
| പുലരി എഗ്ഗർ നേഴ്സറി | 1390/29.3.16-47610 | 462 | 41580 | 6030 |
| മടയിക്കൽ പൌൾട്രി ഫാം | 106/9.3.16-314509 | 3052 | 274680 | 39829 |
| ആകെ | | 7259 | 653310 | 94732 |
| മറ്റ് ചെലവുകൾ | | | 8968 | |

പദ്ധതിനടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്

സർക്കാർ ഫാമുകളിൽ കോഴികളെ ലഭ്യമല്ലായെന്ന് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. തൻവർഷം സർക്കാർ അംഗീകരിച്ച നിരക്ക് ഒരു കോഴിക്ക് 90 രൂപയാണ്. ഈ തുകയിൽ നിന്നുതന്നെയാണ് വാറ്റ് അടക്കേണ്ടതും വിലക്ക് പുറമേ വാറ്റ് നൽകിയത് അംഗീകരിക്കാനാവില്ല.പുലരി എഗ്ഗർ നേഴ്സറി, മടയിക്കൽ പൌൾട്രി ഫാം എന്നിവയുടെ ബില്ലിൽ TIN നമ്പർ രേഖപ്പെടുത്തിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 18/15-16/26.11.16ന് നൽകിയ മറുപടിയിൽ സർക്കാർ ഫാമുകളിൽ കോഴികളെ ലഭ്യമല്ലായെന്ന് അറിയിച്ചിട്ടുണ്ട്.മറ്റ് പദ്ധതികളിൽ വിലക്ക് പുറമേ വാറ്റ് അനുവദിച്ചിട്ടുണ്ട് എന്നും അറിയിച്ചു.വാറ്റ് അടച്ചത്

സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 പെയിൻ ആൻറ് പാലിയേറ്റീവ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പാലിയേറ്റീവ് കെയർ മാർഗരേഖ ജി.ഒ[ആർ.ടി]3217/2015 ത.സ്വ.ഭ.വ.29/10/2015 രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുംവേണ്ടി ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഹോം കെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെയും വാർഷികസംഗമം വിളിച്ചു ചേർക്കാവുന്നതാണ്. സംഗമം ആർഭാടരഹിതമായി സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെ സംഘടിപ്പിക്കുന്ന സംഗമങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണചെലവിലേക്കായി പരമാവധി 60/-രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സംഗമനടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3,000/- രൂപയും ചെലവഴിക്കാവുന്നതാണ്.

പൂതാടിഗ്രാമപഞ്ചയത്തിൽ മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് ഹോംകെയർ പ്രൊജക്റ്റിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പരിപാടിയിൽ അമ്പാടി ടെക്സ്റ്റൈൽസ് കേണിച്ചിറ എന്ന സ്ഥാപനത്തിൽ നിന്നും 14,000/- രൂപ ചെലവാക്കി 70 ബെഡ്ഷീറ്റുകൾ വാങ്ങിയിട്ടുണ്ട്. അതിന്റെ ഉദ്ദേശ്യം, വിതരണം എന്നിവ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല. അത്തരത്തിലുള്ള ഒരു വാങ്ങൽ ജി.ഒ[ആർ.ടി]3217/2015 ത.സ്വ.ഭ.വ.29/10/2015 പ്രകാരം അനുവദനീയമല്ല.

2. ജി.ഒ[ആർ.ടി]3217/2015 ത.സ്വ.ഭ.വ.29/10/2015 പ്രകാരം ഇങ്ങനെ സംഘടിപ്പിക്കുന്ന സംഗമങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണചെലവിലേക്കായിപരമാവധി 60/- രൂപ വീതം ചെലവഴിക്കാനേ പാടുള്ളൂ. എന്നാൽ ഇവിടെ ഓരോരുത്തർക്കും 85/- രൂപ വീതം ചെലവാക്കിയിട്ടുണ്ട്. കൂടാതെ സംഗമനടത്തിപ്പിന്റെ മറ്റ് ചെലവ് പരമാവധി 3000/- രൂപയാണ്. എന്നാൽ ഇവിടെ ഭക്ഷണം ഒഴികെ മറ്റ് ചെലവുകൾ 18,000/- രൂപയാണ്.

ഇത് കൂടാതെ ഹോംകെയർ ടീമിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് [പരമാവധി 3 പേർക്ക്]ആവശ്യമായി വരുന്ന ഭക്ഷണചെലവ് ഒരാൾക്ക് പരമാവധി ഒരു ദിവസം 60/- രൂപവാണ്. എന്നാൽ ഇവിടെ ഒരു ദിവസം 300/-രൂപ വീതം ചെലവാക്കുന്നതായി കാണുന്നുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ -15-/15-16/ /25.11.16 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ-ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

1)

| | |
|---|---|
| പ്രോജക്റ്റ് നം. | 399/15-16 |
| പ്രോജക്റ്റിന്റെ പേര് | ഭവനനിർമ്മാണം (ജനറൽ) |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 40,00,000/- |
| ചെലവ് | 40,00,000/- |
| ബിൽനം/തീയതി | 17/15-16,40,00,000/- രൂപ തീയതി. 20.03.2016 |

02/10/1997 ലെ ജി.ഒ(പി) 220/97/എൽ.എ.ഡി, ജി. ഒ.(പി) 181/98 തസ്വഭവ 02.09.1998 എന്നീ ഉത്തരവുകൾ പ്രകാരം എല്ലാ പദ്ധതികൾക്കും അപേക്ഷാ ഫോറങ്ങൾ അർഹതയും മുൻഗണനക്രമവും സംബന്ധിച്ച മാനദണ്ഡങ്ങളും ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്കുള്ള പ്രോഫോർമ ഫോറവും അനുബന്ധമായി ചേർത്ത് ഗ്രാമസഭയ്ക്ക് മുമ്പ് നിശ്ചിത കാലയളവിലും ഗ്രാമസഭ സമ്മേളിക്കുമ്പോഴും വിതരണം ചെയേണ്ടതാണ്. ലഭ്യമായ അപേക്ഷകളിൽ ഓരോ വാർഡിലെയും മുൻഗണനാക്രമലിസ്റ്റ് ഗ്രാമസഭ തയ്യാറാക്കുകയും വസ്തുതകളുടെ

പരിശോധന പൂർത്തിയാക്കിയശേഷം, മുൻഗണനാക്രമത്തിന്റെ വ്യക്തമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തിനു മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഇതു ഗ്രാമപഞ്ചായത്ത് യോഗത്തിലാണ് ഉണ്ടാകേണ്ടത്. എന്നാൽ ഈ പദ്ധതിക്കുവേണ്ടി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത ഒന്നാം വാർഡ് ഗ്രാമസഭ നടന്ന തിയ്യതി 01.09.2014. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകളിലെ ഗുണഭോക്താക്കളുടെ അപേക്ഷ തിയ്യതി 03/2016 ആണ്. ഉദാ. അശ്വതി, പുതുശ്ശേരി (വീട്)അപേക്ഷ തിയ്യതി 05.03.16. രണ്ടാം വാർഡ് ഗ്രാമസഭ നടന്ന തിയ്യതി 22.08.14. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകളിലെ ഗുണഭോക്താക്കളുടെ അപേക്ഷ തിയ്യതി ഉദാ. ഗീതാ ബിജു,കൊച്ചുപറമ്പിൽ (വീട്)അപേക്ഷ തിയ്യതി 05.03.16. പഞ്ചായത്ത് ഭരണസമിതി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് 16/12/15 ലെ 171/15, 24.02.16 ലെ 217(2) എന്നീ തീരുമാനങ്ങൾ പ്രകാരമാണ്. ഈ പൊരുത്തകേടിന് വിശദീകരണം നൽകേണ്ടതാണ്. ഈ അപേക്ഷകളിൽ അർഹതയും മുൻഗണനക്രമവും സംബന്ധിച്ച മാനദണ്ഡങ്ങളും ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്കുള്ള പ്രോഫോർമ ഫോറവും അനുബന്ധമായി ചേർത്തിട്ടില്ല. ആയതിനാൽ 2014 ൽ നടന്ന ഗ്രാമസഭ 03/16 ലെ അപേക്ഷ സ്വീകരിക്കുന്നതെങ്ങനെ? ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ അടിസ്ഥാനമെന്താണ്?അർഹരായവരെയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതെന്ന് ഓഡിറ്റിന് ബോധ്യപ്പെടുത്തുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓരോ വാർഡിൽ നിന്നും മുൻഗണനാക്രമത്തിൽ 3 പേർക്ക് വീട് നല്കുകാനുള്ള പഞ്ചായത്ത് ഭരണസമിതിയുടെ 16/12/15 ലെ 171/15 തീരുമാനത്തിന്റെയും 24.02.16 ലെ 217(2) തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 57 പേർക്കാണ് 2015-16 വർഷം പദ്ധതി പ്രകാരം ആനുകൂല്യം നല്കിയത്. ഗ്രാമസഭാ ലിസ്റ്റിലെ പലരെയും ഒഴിവാക്കിയാണ് ഭരണസമിതി ഓരോ വാർഡിൽ നിന്നും വാർഡിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരിക്കുന്നത്.ഉദാ. ഒന്നാം വാർഡിലെ ഗ്രാമസഭാ ലിസ്റ്റിലെ ആദ്യത്തെ നാലുപേരെ ഒഴിവാക്കി ഷീബമോൾ വി.ഡി. എന്നവരെ ഒന്നാമത്തെ ഗുണഭോക്താവായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിനു പുറമെ ഭരണസമിതി അംഗീകരിച്ച ലിസ്റ്റിലെ ഗുണഭോക്താക്കളെ പലരെയുംഒഴിവാക്കിയാണ് നിർവ്വഹണഉദ്യോഗസ്ഥൻ ആനുകൂല്യം നല്കിയിട്ടുള്ളത്. ഉദാ.ഒന്നാം വാർഡിലെ ഭരണസമിതി അംഗീകരിച്ച മുൻഗണന ലിസ്റ്റിലെ ഒന്നാമത്തെ ഗുണഭോക്താവായ ഷീബമോൾ വി.ഡി , മൂന്നാമത്തെ ഗുണഭോക്താവായ യശോദ പുത്തൻപുര, അഞ്ചാമത്തെ ഗുണഭോക്താവായ സജീഷ് ചാലേരി, ആറാമത്തെ ഗുണഭോക്താവായ മേരി കുഴിക്കാട്ടിൽ എന്നിവരെ ഒഴിവാക്കി രണ്ടാമത്തെയും നാലാമത്തെയും ആറാമത്തെയും ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കി. ആയതിന് രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 16/15-16 |
| പ്രോജക്ടിന്റെ പേര് | ഭവനനിർമ്മാണം വിധവ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 13,00,000 /- |
| ചെലവ് | 9,40,000/- |
| ബിൽനം/തീയതി | 2/15-16, 80,000/- 23.07.2015 |
| | 4/15-16, 60,000/- 24.08.15 |
| | 06/15-16, 20,000/- 29.10.15 |
| | 08/15-16, 80,000/- 23.12.2015 |
| | 11/15-16, 1,20,000/- 22.01.2016 |
| | 13/15-16, 1,20,000/- 17.03.16 |
| | 16/15-16, 1,40,000/- 26.03.16 |
| | 19/15-16, 3,20,000/- 28.03.16 |
| ആകെ | 9,40,000/- |

02/10/1997 ലെ ജി.ഒ(പി) 220/97/എൽ.എ.ഡി,ജി.ഒ(പി) 181/98 തസ്വഭവ 02.09.1998 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ എല്ലാ രേഖകളും (അപേക്ഷാഫോറങ്ങൾ, പരിശോധന റിപ്പോർട്ട്, തീരുമാനമെടുത്ത ഭരണസമിതി മിനിട്സ്) ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

2) ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതിലെ അപാകതകൾ

1) പ്രൊജക്ട് നം 16/15-16

വിവിധ ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്ന് മാറിയ പണം വി.ഇ.ഒ യുടെ എസ്.ബി.ടി ബത്തേരിയിലെ 57068379598 നമ്പർ അക്കൗണ്ടിലേക്ക് മാറ്റി അവിടെ നിന്ന് ചെക്ക് വഴിയാണ് ഗുണഭോക്താക്കൾക്ക് പണം നല്കിയിട്ടുള്ളത്. ഹൗസ് രജിസ്റ്ററിൽ ഓരോരുത്തരുടെയും പേരിൽ അനുവദിച്ച ചെക്ക് നം. എഴുതിയിട്ടുണ്ടെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പല സന്ദർഭങ്ങളിലും ആർക്കാണ് തുക ലഭിച്ചതെന്ന് വ്യക്തമല്ല. വ്യക്തിഗതഫയൽ പരിശോധിച്ചതിൽ പലകൈപ്പറ്റ് രസീതുകളിലും തുകയും ചെക്ക് നമ്പറും എഴുതിയിട്ടില്ല. ഉദാ.രാഗിണി മൂന്നപ്ലാക്കൽ-രൂപ 20,000/-(ബിൽ നം-04/15-16 രൂപ 60,000/-)

ജി.ഒ.(പി)177/06/ഫിൻ തിയ്യതി 12/4/06 ഖണ്ഡിക 8.2, 8.3 പ്രകാരം ബാങ്കിംഗ് ട്രഷറികളുടെ കാര്യത്തിൽ 1,000/-രൂപയിൽ കൂടുതലുള്ള പണം നല്കലുകൾ ഡി.ഡി. മുഖാന്തിരമേ നല്കാവൂ. കൂടാതെ 30 ദിവസത്തിനുശേഷവും വിതരണം ചെയ്യാത്ത ഡി.ഡി. കൾ ട്രഷറിയിൽ തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് ചെക്ക് വഴിയാണ് പണം നല്കിയിട്ടുള്ളത്. മാത്രവുമല്ല പല ഗുണഭോക്താക്കൾക്കും 30 ദിവസം കഴിഞ്ഞാണ് പണം നല്കിയിട്ടുള്ളത്. ഇതിനുപുറമെ പല ഗുണഭോക്താക്കൾക്കും ബില്ല് മാറുന്നതിനുമുമ്പേ പണം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | ബിൽനം/തുക/തിയ്യതി | ബില്ല് പ്രകാരം തുക നല്കിയ ഗുണഭോക്താക്കളുടെ പേരും തുകയും | ഹൗസ് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | 2/15-16 ,80,00,0/- രൂപ തീയതി. 23.07.2015 | 1)പുഷ്പ അങ്ങാടിശ്ശേരി-40000/-<br>2)മീനാക്ഷി വടക്കേപ്പള്ളോലിക്കൽ-40,000/- | ചെക്ക് നം 127496 തിയ്യതി-15.07.15-60,000/-<br>ചെക്ക് നം 127513 തിയ്യതി-02.02.16-20,000/- | ബില്ല് മാറുന്നതിന് മുമ്പേ കൂടുതൽ പണം നല്കി.<br>തുക വൈകി കൈമാറി |
| 2 | 4/15-16, 60,000/- രൂപ തീയതി 24.08.15 | 1)രാഗിണി മൂന്നപ്ലാക്കൽ-20,000/- | 1)ചെക്ക് നം 982977 തിയ്യതി-09.05.16-20,000/- | തുക വൈകി കൈമാറി |
| 3 | 06/15-16, 20,000/- രൂപ തീയതി 29.10.15 | 1)മീനാക്ഷി വടക്കേപ്പള്ളോലിക്കൽ-20,000/- | 1)ചെക്ക് നം 127511 തിയ്യതി-03.02.16-20,000/- | തുക വൈകി കൈമാറി |
| 4 | 13/15-16, 1,20,000/- രൂപ തീയതി. 17.03.16 | 1)വത്സ ആലിന്റെ വടക്കേതിൽ-80,000/- | 1)ചെക്ക് നം 127514 തിയ്യതി-19.02.16-80,000/- | ബില്ല് മാറുന്നതിനു മുമ്പേ പണം നല്കി. |

| | | | | |
|---|---|---|---|---|
| 5 | 16/15-16, 140,000/- രൂപ തീയതി. 26.03.16 | 1) ഷൈജ കടിലും മറ്റത്തിൽ- 60,000/-<br>2) ചെല്ലമ്മ പൂവ്വത്തിങ്കൽ- 80,000/- | 1)ചെക്ക് നം 127516 തിയ്യതി-21.3.16 - 60,000/-<br>2)ചെക്ക് നം 127519 തിയ്യതി-18.3.16 - 80,000/- | ബില്ല് മാറുന്നതിന് മുമ്പേ പണം നല്കി.<br>” |
| 6 | 19/15-16, 3,20,000/-രൂപ തീയതി. 28.03.16 | 1) ഷൈജ കടിലും മറ്റത്തിൽ- 20,000/-<br>2)രത്നമ്മ ആലയ്ക്കൽ- 20,000/-<br>3) ചെല്ലമ്മ പൂവ്വത്തിങ്കൽ 100,000/-<br>4)വത്സ ആലിന്റെ വടക്കേതിൽ- 1,00,000/- | 1)ചെക്ക് നം 938011 തിയ്യതി-21.11.16 -20,000/-<br>2)ചെക്ക് നം 935704 തിയ്യതി-28.4.16 -20,000/-<br>3) ചെക്ക് നം 982982 തിയ്യതി-06.06.16 -40,000/-<br>4) ചെക്ക് നം 982975 തിയ്യതി-03.05.16 -40,000/- | തുക വൈകി കൈമാറി |

2) പ്രൊജക്ട് നം - 399/15-16

മേൽ സൂചന ബില്ല് പ്രകാരം ട്രഷറിയിൽ നിന്ന് മാറിയ പണം വി.ഇ.ഒ യുടെ എസ്.ബി.ടി ബത്തേരിയിലെ 57068379598 നമ്പർ അക്കൗണ്ടിലേക്ക് മാറ്റി അവിടെ നിന്ന് ചെക്ക് വഴിയാണ് ഗുണഭോക്താക്കൾക്ക് പണം നല്കിയിട്ടുള്ളത് .ഹൗസ് രജിസ്റ്ററിൽ ഓരോരുത്തരുടെയും പേരിൽ അനുവദിച്ച ചെക്ക്നം എഴുതിയിട്ടുണ്ടെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റിൽ ആർക്കാണ് തുക ലഭിച്ചതെന്ന് വ്യക്തമല്ല.വ്യക്തിഗതഫയൽ പരിശോധിച്ചതിലും പലകൈപ്പറ്റ് രസീതുകളിലും തുകയും ചെക്ക് നമ്പറും എഴുതിയിട്ടില്ല.ഏതാനും ഉദാ. ചെക്ക്നം 127537 രൂപ 72000/-ചന്ദ്രികതെക്കേത്തൊടിയിൽ, ചെക്ക്നം 935705-52000/- ഭവാനി പാറക്കുടിയിൽ.

ജി.ഒ(പി)177/06/ഫിൻ തിയ്യതി 12/4/06 ഖണ്ഡിക 8.2 ,8.3 പ്രകാരം ബാങ്കിംഗ് ട്രഷറികളുടെ കാര്യത്തിൽ 1000/-രൂപയിൽ കൂടുതലുള്ള പണം നല്കലുകൾ ഡി.ഡി മുഖാന്തിരമേ നല്കാവൂ. കൂടാതെ 30 ദിവസത്തിനുശേഷവും വിതരണം ചെയ്യാത്ത ഡി.ഡി കൾ ട്രഷറിയിൽ തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് ചെക്ക് വഴി 30 ദിവസം കഴിഞ്ഞാണ് പണം നല്കിയിട്ടുള്ളത്. ഏതാനും ഉദാ. താഴെപ്പറയുന്ന.മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

| ക്രമനം | ബിൽനം/തുക/തിയ്യതി | ബില്ല് പ്രകാരം തുക നല്കിയ ഗുണഭോക്താക്കളുടെ പേരും തുകയും | ഹൗസ് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | 17/15-16, 40,00,000/- തീയതി. 20.03.2016 | ശ്യാമള തണ്ടാശ്ശേരി, അമരക്കുനി | ചെക്ക്നം.982974-52000/-29.04.16 | തുക വൈകി കൈമാറി |
| 2 | „ | ലതിക ചെറുതാനത്ത്, അതിരാറ്റുകുന്ന് | ചെക്ക്നം.982979-72000/- തിയ്യതി-18.05.2016 | തുക വൈകി കൈമാറി |
| 3 | „ | പത്മാവതി ചേരിയിൽ | ചെക്ക്നം 982972-72000/- 28.04.16 | തുക വൈകി കൈമാറി |

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം. -23 /15-16/29.11.16 പ്രകാരം മറുപടി ലഭിച്ചില്ല. ആയതിനാൽ പ്രൊജക്റ്റ് നം. 16/15-16 ചെലവഴിച്ച 9,40,000/- രൂപയും പ്രൊജക്റ്റ് നം - 399/15-16 ചെലവഴിച്ച 40,00,000/- രൂപയും തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പപദ്ധതി അവലോകനം

2015-16വർഷം പൂതാടി ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പപദ്ധതിയിൽ 4,58,93,540/- രൂപ ചെലവഴിച്ചു. പദ്ധതി സംബന്ധിച്ച മറ്റു വിവരങ്ങൾ ഇപ്രകാരമാണ്.

- രജിസ്ട്രേഷൻ

| വിഭാഗം | രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ |
|---|---|
| പടികജാതി | 188 |
| പട്ടികവർഗ്ഗം | 2049 |
| ജനറൽ | 5969 |
| ആകെ | 8206 |

- തൊഴിൽ കാർഡ് വിതരണം

| വിഭാഗം | തൊഴിൽകാർഡ് കൈപ്പറ്റിയ കുടുംബങ്ങൾ |
|---|---|
| പടികജാതി | 188 |
| പട്ടികവർഗ്ഗം | 2049 |
| ജനറൽ | 5969 |
| ആകെ | 8206 |

- നൽകിയ തൊഴിൽദിനങ്ങൾ

| വിഭാഗം | തൊഴിൽദിനങ്ങൾ |
|---|---|
| പടികജാതി | 7388 |
| പട്ടികവർഗ്ഗം | 64699 |

| | |
|---|---|
| ജനറൽ | 142687 |
| ആകെ | 214774 |

- തൻവർഷം സൃഷ്ടിച്ച ആസ്തികൾ

| ക്രമനമ്പർ | പ്രവർത്തിയുടെ ഇനം | അളവ് | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനം | ആകെ ചെലവ് |
|---|---|---|---|---|
| 1 | ജലസംരക്ഷണവും മഴവെള്ളക്കൊയ്ത്തും | 814 hec | 178075 | 4,27,37,884 |
| 2 | കാപ്പിത്തൈ വെച്ചുപിടിപ്പിക്കലും പരിപാലനവും | 147662 | 4343 | 10,42,222 |
| 3 | വെള്ളക്കെട്ട് നിവാരണം | 22 ward | 4445 | 10,66,783 |
| 4 | ഭവനനിർമ്മാണം | 42 | 2674 | 6,41,743 |
| 5 | റോഡ് പുനരുദ്ധാരണം | 10.4 km | 3941 | 9,45,793 |

- രേഖകളുടെ സൂക്ഷിപ്പ്

തൻവർഷം തൊഴിലാളികളുടെ അക്കൌണ്ടിലേക്ക് നേരിട്ട് തുക ട്രാൻസ്ഫർ ചെയ്യുന്ന രീതിയാണ് പിൻതുടരുന്നത്. ഈ രീതിയിൽ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് വേതനം നൽകിയ തീയതി ഫയലുകളിൽ രേഖപ്പെടുത്തുന്നില്ല. അതുകൊണ്ട് തന്നെ നിശ്ചിതസമയപരിധിക്കുള്ളിൽ വേതനം നൽകിയോ എന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

- സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ കുളങ്ങൾ നിർമ്മിക്കൽ

തൻവർഷം 15 കുളങ്ങൾ സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ നിർമ്മിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ജലം ഉപയോഗിക്കാമെന്ന കരാർ ഉടമയുമായി വെച്ചിട്ടുണ്ട്.

- കയർ വസ്ത്രം വാങ്ങിയത് പൂർണ്ണമായും ഉപയോഗിച്ചില്ല.

തൻവർഷം കുളം നിർമ്മാണത്തിനുപയോഗിക്കുന്നതിന് വേണ്ടി 4750 ച.മീ.കയർ മാറ്റ് വാങ്ങി.ച.മീ.ന് 75/- രൂപ നിരക്കിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നാണ് കയർ മാറ്റ് വാങ്ങിയത്. കുളങ്ങൾക്ക് ഉപയോഗിച്ചതിന്റെ ബാക്കി 50 ച.മീ. ബാക്കിയുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ കാണുന്നു. ആയതിന്റെ വിനിയോഗംസംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

- 100 തൊഴിൽദിനങ്ങൾ നേടിയ കുടുംബങ്ങൾ

490 കുടുംബങ്ങൾക്ക് തൻവർഷം 100 തൊഴിൽദിനങ്ങൾ നൽകാൻ സാധിച്ചുവെന്നത് അഭിനന്ദനീയമാണെങ്കിലും രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കു 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചിട്ടില്ല എന്നതും പരിഗണിക്കേണ്ടതാണ്.

- കാപ്പിത്തൈ നേഴ്സറി -തൈകളുടെ സ്റ്റോക്ക് രജിസ്റ്റർ വെക്കുന്നില്ല.

2015-16 വർഷം 12,91,801/- രൂപ ചെലവഴിച്ച് 10 കാപ്പിതൈ നേഴ്സറികൾ നിർമ്മിച്ച് പരിപാലിക്കുകയും ചെറുകിടകർഷകരുടെ ഭൂമിയിൽ നട്ടുകൊടുക്കുകയും ചെയ്തു. എന്നാൽ 10 കാപ്പിതൈ നേഴ്സറികളിലും കൂടി ഉൽപ്പാദിപ്പിച്ച തൈകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കാപ്പി തൈകളുടെ വിതരണം സംബന്ധിച്ച വിവരങ്ങളും സൂക്ഷിച്ചിട്ടില്ല.

## 3-12 ഭവനനിർമ്മാണപദ്ധതികൾ ലക്ഷ്യം കണ്ടില്ല

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ 2011-12 വർഷത്തെ സ്പിൽ ഓവർ പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ 30.11.2016 ലെ സ്ഥലപരിശോധനാവേളയിൽ നേരിട്ട് ബോധ്യപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ - 11/2016 (11/2016 2011-12 സ്പിൽ ഓവർ പ്രോജക്റ്റ്.)

പ്രോജക്ടിന്റെ പേര് - ടി.എസ്.പി.ഭവനനിർമ്മാണം

ഈ പ്രോജക്ടിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ ഒന്നും രണ്ടും ഗഡുക്കൾ, കൈപ്പറ്റിയെങ്കിലും പണി നടന്നതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഒന്നാം ഗഡു കൈപ്പറ്റിയ വിവരം | രണ്ടാംഗഡു കൈപ്പറ്റിയ വിവരം |
|---|---|---|---|
| 1 | കറുത്ത,<br>കുറ്റിക്കാംവയൽ കാട്ടുനായ്ക്ക കോളനി | 37,500/-<br>DD നം-10020/21.3.12 | 75,000/-<br>DD നം-011760/24.4.12 |
| 2 | ബിന്ദു, മാത്തുംപടികോളനി താഴമുണ്ട | 37,500/-<br>9828/തീയതി രേഖപ്പെടുത്തിയിട്ടില്ല | 75,000/011766/24.4.12 |
| 3 | ഭാസ്കരൻ,മാത്തുംപടി കോളനി താഴമുണ്ട. | 37,500/9829/ തീയതി രേഖപ്പെടുത്തിയിട്ടില്ല | 75,000/- 011767/24.4.12 |

മേൽപ്പറഞ്ഞതിൽ ഒന്നും മൂന്നും ഗുണഭോക്താക്കൾ 1,12,500/- രൂപ വാങ്ങിയെങ്കിലും തറപണി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ക്രമനമ്പർ-2, ബിന്ദു 2 ഗഡു വാങ്ങിയെങ്കിലും ഒരു പണിയും നടത്തിയിട്ടില്ല. സത്വരനടപടികൾ സ്വീകരിച്ച് ഭവനനിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 വൈദ്യുതി ചാർജ്- ലഭ്യമാകേണ്ട ഇളവ് ലഭ്യമാക്കുന്നതിൽ കാലതാമസം

പൂതാടി ഗ്രാമപഞ്ചായത്തിൽ 436 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജായി ഇലക്ട്രിസിറ്റി ബോർഡിന്റെ പനമരം പുൽപള്ളി മീനങ്ങാടി ഡിവിഷനുകളിലേക്ക് മാസംതോറും 19,370/- രൂപ അടയ്ക്കുന്നുണ്ട്.

മാനന്തവാടി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26-6-2015 ലെ ഡിബി/ഇഡിഎം /2015-16/325-ാം നമ്പർ കത്ത് പ്രകാരം പഞ്ചായത്തിൽ വൈദ്യുതി ഉപഭോഗം കൂടുതലുള്ള ബൾബുകളും, ട്യൂബ് ലൈറ്റുകളും മാറ്റി ഉപഭോഗം കുറഞ്ഞ CFL ബൾബുകൾ മാറ്റി സ്ഥാപിച്ചു എങ്കിലും, KSEBയുമായി പഞ്ചായത്ത് ഏർപ്പെട്ടിട്ടുള്ള നിലവിലുള്ള എഗ്രിമെന്റ് പുതുക്കാത്തതിനാൽ, ഊർജസംരക്ഷണപ്രവർത്തനങ്ങൾക്ക് ആനുപാതികമായ ബില്ല് നൽകുവാൻ സാധിക്കാത്തതിനാൽ കറന്റ് ചാർജ് ഇനത്തിൽ കുറഞ്ഞ് കിട്ടേണ്ട തുക ഫലത്തിൽ ലഭ്യമാക്കുവാൻ സാധിക്കാതെ വരുന്നതായി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ KSEBയുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി നിലവിൽ ഉപയോഗിച്ച് വരുന്ന തെരുവ്വിളക്കുകളുടെ ഇനവും എണ്ണവും കണക്കാക്കി, പുതിയ എഗ്രിമെന്റ് ഒപ്പ് വച്ച് കിട്ടുവാനുള്ള ഇളവ് നേടിയെടുക്കാനും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

സംയുക്ത പരിശോധന നടത്താൻ തയ്യാറാണെന്നും അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, 30/7/15,28/9/15,3/12/15 തിയതികളിൽ പനമരം,പുൽപള്ളി, മീനങ്ങാടി എന്നീ KSEB ഇലക്ട്രിക്കൽ സെക്ഷനിലേക്ക് കത്തുകൾ പോയിട്ടുണ്ടെങ്കിലും KSEB യിൽ നിന്നും മറുപടി ഒന്നും തന്നെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 10/15-16/23.11.16 ന് മറുപടിയായി, ലഭ്യമായ ഇളവ് പെട്ടെന്ന് തന്നെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 3-14 ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിക്കാത്തത് - സംബന്ധിച്ച്.

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ വിവിധ ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ മാനദണ്ഡങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖപ്രകാരം ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും ഗുണഭോക്തൃ പ്രദേശത്തെ അംഗങ്ങളാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ഇതിനുപുറമേ പ്രവൃത്തി നിർവ്വഹണത്തിന്റെ രേഖകൾ

പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1. മിനുട്ട്സ് ബുക്ക് : ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം, എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പടുത്തലുകൾ ഇല്ല.
2. മസ്റ്റർറോൾ : മസ്റ്റർറോളികളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്.
3. ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപ്പാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ബാങ്ക് അക്കൗണ്ടിന്റെ രേഖയില്ല (ബാങ്ക് പാസ്സ് ബുക്ക്).
4. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.
5. ദൈനം്യദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. വൗച്ചറുകളിൽ ചെയർമാൻ ഒപ്പ് രേഖപ്പടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 8/15-16 ,തീയ്യതി 23.11.2016 ന് നൽകിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-15 നെല്ലിക്കര തൊഴിൽ പരിശീലനകേന്ദ്രം പ്രവർത്തനക്ഷമമല്ലാത്തത് സംബന്ധിച്ച്

2015-16വർഷം നടപ്പാക്കിയ നെല്ലിക്കര തൊഴിൽ പരിശീലനകേന്ദ്രത്തിന് കെട്ടിടനിർമ്മാണപ്രവൃത്തി ഇതുവരെയും ലക്ഷ്യം കണ്ടിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 154/15 |
| പ്രോജക്ട് | നെല്ലിക്കര തൊഴിൽ പരിശീലനകേന്ദ്രം |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ, തീയതി | 25/15-16/13.10.15 |
| ചെലവഴിച്ച തുക | 6,63,369/- |
| അളവുപുസ്തകം | 151/15-16 |
| കോൺട്രാക്ടർ | കെ.വി,പൗലോസ് |

30.11.16 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം നിർമ്മിച്ചതായി കണ്ടു. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, എന്നിവ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-13/15-16/24.11.16 ന് നൽകിയ മറുപടിയിൽ കെട്ടിടനിർമ്മാണം മാത്രമാണ് അസി. എഞ്ചിനീയറെ ഏൽപ്പിച്ചത് എന്ന് അറിയിച്ചു. എന്നാൽ തൊഴിൽപരിശീലനം സംബന്ധിച്ച പ്രോജക്ട് തയ്യാറാക്കാതെ കെട്ടിടം നിർമ്മിച്ചത് ശരിയല്ല. കെട്ടിടം ഉപയോഗപ്രദമാക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 6,63,369/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 റോഡ് സൈഡ് കെട്ട്പ്രവൃത്തികൾ-അപാകങ്ങൾ

2015-16വർഷം നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് സൈഡ് കെട്ട് പ്രവൃത്തികളിൽ തുക അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 120/15 |
| പ്രോജക്ട് | കൊറത്തിക്കോട് പുളിയമ്പറ്റ റോഡ് സൈഡ് കെട്ട്,സോളിംഗ് |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ,തീയതി | 93/15-16/21.3.16 |
| ചെലവഴിച്ച തുക | 2,86,670/- |
| അളവുപുസ്തകം | 46/15-16 |
| കൺവീനർ | ശ്രീ. അരുൺ.വി.എസ് |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 51 മീറ്റർ റോഡ് സൈഡ് കെട്ടി മണ്ണ് നിറക്കുകയുമാണ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് ഐറ്റം നമ്പർ 6 ആയി 139.15 $m^3$ മണ്ണ് മിനിമം ലോറി ലീഡ് നൽകി 5 k.m ദൂരെ നിന്നും കൊണ്ടുവന്ന് നിറച്ചതിന് 1997/10 $m^3$ നിരക്കിൽ 27,788/- രൂപ നൽകിയിട്ടുണ്ട്. കൺവീനർ ഹാജരാക്കിയ രേഖകളിലൊന്നും മണ്ണ് കൊണ്ടുവരുന്നതിന് തുക ചെലവഴിച്ചിട്ടില്ല. കൺവീനറുടെ മിനുട്സ് പ്രകാരമുള്ള കണക്കുകളിൽ ഈയിനത്തിൽ തുക ചെലവഴിച്ചതായിക്കാണുന്നില്ല.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 38/16 |
| പ്രോജക്ട് | മാങ്ങോട് പുത്തുക്കാട്ട് നീറോണിവയൽ റോഡ് സൈഡ് കെട്ട്,സോളിംഗ് |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ,തീയതി | 174/15-16/31.3.16 |
| ചെലവഴിച്ച തുക | 1,49,367/- |
| അളവുപുസ്തകം | 158/12-13 |
| കൺവീനർ | ശ്രീ.ശിവരാമൻനായർ |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 45 മീറ്റർ റോഡ് സൈഡ് കെട്ടി മണ്ണ് നിറക്കുകയും 150 മീറ്റർ സോളിംഗും ആണ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് ഐറ്റം നമ്പർ 8 ആയി 61.77 $m^3$ മണ്ണ് മിനിമം ലോറി ലീഡ് നൽകി 5 k.m ദൂരെ നിന്നും കൊണ്ടുവന്ന് നിറച്ചതിന് 1997/10 $m^3$ നിരക്കിൽ 12,335/- രൂപ നൽകിയിട്ടുണ്ട്. കൺവീനർ ഹാജരാക്കിയ രേഖകളിലൊന്നും മണ്ണ് കൊണ്ടുവരുന്നതിന് തുക ചെലവഴിച്ചിട്ടില്ല. കൺവീനറുടെ മിനുട്സ് പ്രകാരമുള്ള കണക്കുകളിൽ ഈയിനത്തിൽ തുക ചെലവഴിച്ചതായിക്കാണുന്നില്ല.

3.

| | |
|---|---|
| പ്രോജക്ട് നമ്പർ | 218/15 |
| പ്രോജക്ട് | വാളവയൽ പുഴ സൈഡ് കെട്ട്. |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ,തീയതി | 69/15-16/27.2.16 |

| | |
|---|---|
| ചെലവഴിച്ച തുക | 8,00,000/- |
| അളവുപുസ്തകം | 105/15-16 |
| കൺവീനർ | ശ്രീ.ആലീസ് ഷേർളി |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 33 മീറ്റർ നീളത്തിൽ 4 മീറ്റർ ഉയരത്തിൽ പുഴയുടെ സൈഡ് കെട്ടി മണ്ണ് നിറക്കുകയാണ് ചെയ്യേണ്ടത്. ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ പ്രോജക്ട് ഫോറം, എഗ്രിമെന്റ്, ഫൈനൽ ബിൽ എന്നിവ മാത്രമാണ് ഉള്ളത്.കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4.

| | |
|---|---|
| പ്രോജക്ട് നമ്പർ | 124/15 |
| പ്രോജക്ട് | അയ്യങ്കുഴ പള്ളിക്കുന്ന് റോഡ് സോളിംഗ്, സൈഡ് കെട്ട് |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ,തീയതി | 152/15-16/31.3.16 |
| ചെലവഴിച്ച തുക | 2,00,000/- |
| അളവുപുസ്തകം | 110/15-16 |
| കൺവീനർ | ശ്രീ.പി.എൻ .കൃഷ്ണൻ |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 14 മീറ്റർ റോഡ് സൈഡ് കെട്ടി മണ്ണ് നിറക്കുകയും 70 മീറ്റർ സോളിംഗും ആണ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് ഐറ്റം നമ്പർ 9 ആയി 59.34 $m^3$ മണ്ണ് മിനിമം ലോറി ലീഡ് നൽകി 5 k.m ദൂരെ നിന്നും കൊണ്ടുവന്ന് നിറച്ചതിന് 1997/10 $m^3$ നിരക്കിൽ 11,850/- രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ പ്രോജക്ട് ഫോറം, എഗ്രിമെന്റ്, ഫൈനൽ ബിൽ എന്നിവ മാത്രമാണ് ഉള്ളത്. കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5.

| | |
|---|---|
| പ്രോജക്ട് നമ്പർ | 354/16 |
| പ്രോജക്ട് | കവലമറ്റം മരിയനാട് ടെമ്പിൾ റോഡ് സോളിംഗ്, സൈഡ് കെട്ട് |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ, തീയതി | 158/15-16/31.3.16 |
| ചെലവഴിച്ച തുക | 1,55,508/- |
| അളവുപുസ്തകം | 144/15-16 |
| കൺവീനർ | ശ്രീ.പി.എൻ .കൃഷ്ണൻ |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 231മീറ്റർ സോളിംഗ് ആണ് ചെയ്യേണ്ടത്. ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ പ്രോജക്ട് ഫോറം, എഗ്രിമെന്റ്, ഫൈനൽ ബിൽ എന്നിവ മാത്രമാണ് ഉള്ളത്. കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 298/15 |
| പ്രോജക്ട് | പുലച്ചിക്കുനി അത്തിപ്പാറ വട്ടക്കുളം റോഡ് സൈഡ് കെട്ട്,സോളിംഗ് |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ, തീയതി | 163/15-16/31.3.16 |
| ചെലവഴിച്ച തുക | 1,53,467/- |
| അളവുപുസ്തകം | 146/15-16 |

| | |
|---|---|
| കൺവീനർ | ശ്രീ. സുനിൽ.വി.ജി |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 65 മീറ്റർ റോഡ് സൈഡ് കെട്ടി മണ്ണ് നിറക്കുകയാണ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് ഐറ്റം നമ്പർ 6 ആയി 145.82 $m^3$ മണ്ണ് മിനിമം ലോറി ലീഡ് നൽകി 5 k.m ദൂരെ നിന്നും കൊണ്ടുവന്ന് നിറച്ചതിന് 1995/10 $m^3$ നിരക്കിൽ 29,091/- രൂപ നൽകിയിട്ടുണ്ട്. കൺവീനർ ഹാജരാക്കിയ രേഖകളിലൊന്നും മണ്ണ് കൊണ്ടുവരുന്നതിന് തുക ചെലവഴിച്ചിട്ടില്ല. കൺവീനറുടെ മിനുട്സ് പ്രകാരമുള്ള കണക്കുകളിൽ ഈയിനത്തിൽ തുക ചെലവഴിച്ചതായിക്കാണുന്നില്ല.

7.

| | |
|---|---|
| പ്രോജക്ട് നമ്പർ- | 116/15 |
| പ്രോജക്ട് | ഇരുളം ചെറിയമ്പലം റോഡ് സൈഡ് കെട്ട്, സോളിംഗ് |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ, തീയതി | 62/15-16/27.2.16 |
| ചെലവഴിച്ച തുക | 2,78,441/- |
| അളവുപുസ്തകം | 31/15-16 |
| കൺവീനർ | ശ്രീ.കെ.കെ.മോഹൻദാസ് |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 59 മീറ്റർ റോഡ് സൈഡ് കെട്ടി മണ്ണ് നിറക്കുകയാണ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് ഐറ്റം നമ്പർ 6 ആയി 237.6 $m^3$ മണ്ണ് മിനിമം ലോറി ലീഡ് നൽകി 5 k.m ദൂരെ നിന്നും കൊണ്ടുവന്ന് നിറച്ചതിന് 1997/10$m^3$ നിരക്കിൽ 47,448/- രൂപ നൽകിയിട്ടുണ്ട്. കൺവീനർ ഹാജരാക്കിയ രേഖകളിലൊന്നും മണ്ണ് കൊണ്ടുവരുന്നതിന് തുക ചെലവഴിച്ചിട്ടില്ല.കൺവീനറുടെ മിനുട്സ് പ്രകാരമുള്ള കണക്കുകളിൽ ഈയിനത്തിൽ തുക ചെലവഴിച്ചതായിക്കാണുന്നില്ല.

8.

| | |
|---|---|
| പ്രോജക്ട് നമ്പർ | 122/15 |
| പ്രോജക്ട് | മുക്കം കവല -പൂതാടി എസ്.എൻ.എച്ച്.എസ്. റോഡ് സൈഡ് കെട്ട്,സോളിംഗ് |
| നിർവഹണം | അസി.എഞ്ചിനീയർ |
| വൗച്ചർ നമ്പർ, തീയതി | 67/15-16/27.2.16 |
| ചെലവഴിച്ച തുക- | 3,73,280/- |
| അളവുപുസ്തകം | 228/13-14 |
| കൺവീനർ | ശ്രീ.സോമൻ. വി.എൻ |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 50 മീറ്റർ റോഡ് സൈഡ് കെട്ടി മണ്ണ് നിറക്കുകയും 280 മീറ്റർ സോളിംഗുമാണ് ചെയ്യേണ്ടത്. ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ പ്രോജക്ട് ഫോറം, എഗ്രിമെന്റ്, ഫൈനൽ ബിൽ എന്നിവ മാത്രമാണ് ഉള്ളത്. കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-9/15-16/23.11.16 ന് നൽകിയ മറുപടിയിൽ കൺവീനർമാർ ബിൽ നൽകാത്തതാണ് എന്നാൽ പണി നടന്നതാണ് എന്ന് മറുപടി നൽകി. ഗുണഭോക്തൃസമിതി അംഗീകരിക്കാത്ത ചെലവിന് തുക നൽകിയത് അംഗീകരിക്കാനാവില്ല. 23,96,733/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥാപനങ്ങൾക്ക് തുക ചെലവഴിച്ചത്.

2015-16വർഷം നടപ്പാക്കിയപഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥാപനങ്ങൾക്ക് വേണ്ടി താഴെപ്പറയുന്ന തുക ചെലവഴിച്ചു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | നിർവഹണം | ഫണ്ട് | ചെലവഴിച്ച തുക | വൌച്ചർ നമ്പർ |
|---|---|---|---|---|---|
| 190/16 | മരിയനാട് കോളനി ഊരുകൂട്ടസമുച്ചയം | അസി. എഞ്ചിനീയർ | വികസനഫണ്ട്. ടി.എസ്.പി | 497600 | 177/15-16 /31.3.16 |

മേൽപ്പറഞ്ഞ സ്ഥാപനം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ചേർത്തതായിക്കാണുന്നില്ല. മേൽപ്പറഞ്ഞ പ്രവത്തിക്ക് ഭൂമി വിട്ടുകിട്ടിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികൾക്കല്ലാതെ, ഭൂമിപോലും വിട്ടുകിട്ടാതെ തുക ചെലവഴിച്ചത് അനുവദനീയമല്ല. മേൽസ്ഥാപനങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച രേഖകളും ആവശ്യമായ വിശദീകരണങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ-7/15-16/23.11.16 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. 4,97,600/- രൂപയുടെചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-2 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി. | സ.ഉ(സ)നം.428/2010 തസ്വഭവ.06.02..2010 | 3,99,57,000 | 1,16,62,502 | 25,00,000 | 22,28,114 | 91,62,502 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുക

--ഇല്ല--

## 4-4 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം .

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പനമരം ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 81250 | 58200 | 23050 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ ഗ്രാമപഞ്ചായത്തിന് സ്ഥിര നിക്ഷേപ ങ്ങൾ ഇല്ല.

ഗ്രാമപഞ്ചായത്തിന് സ്ഥിര നിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11,345/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2-1 | 250 | സുചിത്ര,എഫ്.ടി.എസ് | 11502101853- 27.06.15 |
| 2013-14 | 2-2-2 | 400 | | 11502104488-03.02.16 |
| 2001-02 | 3-3 | 196 | സതീശൻ ,സീനിയർക്ളർക്ക് | 11502100874-28.04.15 |
| 2002-03 | 2-2 | 60 | „ | „ |
| 2006-07 | 3-2 | 1710 | „ | „ |
| 2011-12 | 3-8 | 1500 | ഡോ.അജയൻ,പി.എച്ച്.സി,പൂതാടി | 11502101533-08.06.15 |
| „ | „ | „ | ഡോ. ദിവ്യ,പി.എച്ച്.സി,പൂതാടി | 11502101534-08.06.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1991-92 | 10 | 2005-06 | 8.1 | ഇരുളം-കോളേരി റോഡ് റിപ്പയർ | ഒഴിവാക്കി |
| 2005-06 | 3.1 | 2008-09 | 3.6.3 | ഇരുത്തിലോട്ട്കുന്ന് ജലസേചന പദ്ധതി | „ |
| 2013-14 | 3.1 | 2015-16 | 3.1 | ബസ്സ് സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ളക്സ് | നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,57,48,746 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,98,00,864 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,00,20,202/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| --ഇല്ല-- | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 65,000/- | എ.ആർ ശ്രീജിത്ത്,അസി. സെക്രട്ടറി |
| 3-4 | 2,00,000/- | ഡോ.എ.റ്റി. സുരേഷ്, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 3-5 | 5,23,000/- | ആലീസ് ഷേർലി,ഹെഡ്മിസ്ട്രസ്സ് |
| 3-6 | 2,14,500/- | സിന്ധു കെ.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-7(1) | 2,50,000/- | എ.ആർ ശ്രീജിത്ത്,അസി. സെക്രട്ടറി |
| 3-7(2) | 2,70,000/- | സിന്ധു കെ.പി, ഐ.സി.ഡി.എസ് |
| 3-10 | 49,40,000/- | ശ്രീ. ബിനോയ് അഗസ്റ്റിൻ,വി.ഇ.ഒ |
| 3-15 | 6,63,369/- | ശ്രീ. പ്രശാന്ത്,അസി.എഞ്ചിനീയർ |
| 3-16 | 23,96,733/- | ശ്രീ. പ്രശാന്ത്,അസി.എഞ്ചിനീയർ |
| 3-17 | 4,97,600/- | ശ്രീ. പ്രശാന്ത്,അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

--ഇല്ല--

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91 | നം.എൽ.എഫ്.(ഡബ്ല്യു)പി3-383/96/22.08.08 |
| 1991-92 | നം.എൽ.എഫ്.(ഡബ്ല്യു)പി4-127/05(3)/19.08.2008 |
| 1992-93 | നം.എൽ.എഫ്.(ഡബ്ല്യു)പി4-140/05/19.08.08 |
| 1996-97 | നം.എൽ.എഫ്.(ഡബ്ല്യു)പി3-542/08/20.08.08 |
| 1997-98 | നം.എൽ.എഫ്.(ഡബ്ല്യു)പി1-401/2000(9)/01.08.2000 |
| 1998-99 | നം.എൽ.എഫ്.(ഡബ്ല്യു)പി1-126/20001/19.12.01 |
| 1999-2000, | നം.എൽ.എഫ്.(ഡബ്ല്യു)പി4-595/2004(1)/8.02.05 |
| 2000-01 പ്ളാൻ | നം.എൽ.എഫ്.(ഡബ്ല്യു)പി5-289/04/15.03.15 |
| 2000-01 | നം.എൽ.എഫ്.(ഡബ്ല്യു)പി4-365/05/07.01.08 |
| 2001-02 | നം.എൽ.എഫ്.(ഡബ്ല്യു)പി4-142/06 /14.02.2008 |
| 2002-03 | നം.എൽ.എഫ്.(ഡബ്ല്യു)പി4-24/07/13.03.08 |
| 2003-04 | നം.എൽ.എഫ്.(ഡബ്ല്യു)പി4-1180/08/05.03.09 |
| 2004-05 | നം.എൽ.എഫ്.(ഡബ്ല്യു)പി4-1181/08/05.03.09 |
| 2005-06 | നം.എൽ.എഫ്.(ഡബ്ല്യു)പി4-1182/08/03.02.09 |
| 2006-07 | നം.എൽ.എഫ്.(ഡബ്ല്യു)പി4-121/11/23.12.11 |
| 2007-08 | നം.എൽ.എഫ്.(ഡബ്ല്യു)പി4-122/11/08.03.11 |
| 2008-09 | നം.എൽ.എഫ്.(ഡബ്ല്യു)പി4-1475/12/15.05.12 |
| 2009-10 | നം.എൽ.എഫ്.(ഡബ്ല്യു)പി4-760/12/17.05.13 |
| 2010-11 | നം.എൽ.എഫ്.(ഡബ്ല്യു)പി5-09/15/20.04.15 |
| 2011-12,2012-13 | നം.എൽ.എഫ്.(ഡബ്ല്യു)പി5-584/14/17.11.14 |
| 2013-14 | നം.എൽ.എഫ്.(ഡബ്ല്യു)പി.4-404/15/10.03.16 |
| 2014-15 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)പി-4/457/16 /15.07.16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്, കൽപ്പറ്റ

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.(എ.ഡബ്ല്യൂ.വൈ.ഡി.)പി.4/838/2016 തിയ്യതി : 16.12.2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

തിയ്യതി :

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ പൂതാടി ഗ്രാമപഞ്ചായത്തിൻെറ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.(WYD).P4/838/16 Dated.16.12.2016.

Kerala State Audit Department

District Audit Office

Wayanad, Kalpetta

Email- dowyd.ksad@kerala.gov.in

<u>CERTIFICATE</u>

Certified that I have audited the Annual Financial Statement of poothadi GramaPanchayat in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial statements of Poothadi Gramapanchayat for the year 2015-16, except the observations in My audit report, properly presents the picture of income and expenditure.

Deputy Director

Kerala Stat Audit Department,

District office, Wayanad.